ങ്കിൽ കമ്മിറ്റിയിലെ അംഗങ്ങൾ ആയിരിക്കും അവതരിപ്പിക്കേണ്ടത്. ചട്ടം അനുസരിച്ച് 100 ശതമാനവും ശരിതന്നെയാണ് എന്നാൽ ഇതുവരെ ഈ സഭയിലെ കീഴ്‌വഴക്കമനുസരിച്ച് സാധാരണഗതിയിൽ അപ്പുറത്തിരിക്കുന്നവർ ഭരണപക്ഷത്തായിരുന്നപ്പോഴും തിരിച്ചായിരുന്നപ്പോഴും റിപ്പോർട്ട് അവതരിപ്പിക്കുന്ന സന്ദർഭത്തിൽ ബന്ധപ്പെട്ട മന്ത്രി ഇല്ലാതെവന്നാൽ മറ്റൊരു മന്ത്രിയെ റിപ്പോർട്ട് അവതരിപ്പിക്കുന്നതിനു വേണ്ടി ചുമതലപ്പെടുത്താറുണ്ട്. കീഴ്‌വഴക്കമനുസരിച്ച് ആ കാര്യം കൂടി പരിഗണിച്ചു കൊണ്ടായിരിക്കണം അങ്ങയുടെ റൂളിംഗ് .................. ബഹളം ................................

<u>മി. സ്പീക്കർ</u> : പ്ലീസ് .................... ഇതെല്ലാം പരിശോധിച്ചു കൊണ്ടായിരിക്കും റൂളിംഗ് നൽകുന്നത്, ഇനി ഡിസ്കഷൻ വേണ്ട, രാവിലെ ഡിസ്കസ് ചെയ്തു, ഇനി എന്താണ് ആഡ് ചെയ്യാനുള്ളതെന്ന് പറഞ്ഞാൽ മതി.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : ഇവിടെ മന്ത്രി ഇല്ലാത്തപ്പോൾ മറ്റ് മന്ത്രിമാരെ ചുമതലപ്പെടുത്താറുണ്ട്. അതിൽ തെറ്റ് ഞാൻ കാണുന്നില്ല. ബഹുമാനപ്പെട്ട ശർമ്മ പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. ഒരു മന്ത്രി വേറൊരു മന്ത്രിയെ ചുമതലപ്പെടുത്തിക്കഴിഞ്ഞാൽ ആ മന്ത്രിയ്ക്ക് പൂർണ്ണമായ ഉത്തരവാദിത്വം ആ സഭയിൽ ഉണ്ട്. ആ മന്ത്രി ഇവിടെയുള്ളപ്പോൾ വേറൊരു മന്ത്രിയ്ക്ക് എങ്ങനെ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കാൻ സാധിക്കും ............ മുഖ്യമന്ത്രി ഇവിടെ ശ്രീ. ശിവദാസമേനോനെ ചുമതലപ്പെടുത്തി, ശ്രീ. ശിവദാസമേനോൻ ഇവിടെ ഇരിക്കുമ്പോൾ മുഖ്യമന്ത്രിയ്ക്കുവേണ്ടി ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണന് എങ്ങനെ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കാൻ സാധിക്കും ..................... ബഹളം .................

<u>മി. സ്പീക്കർ</u> : ഇത് രാവിലെ ഡിസ്കസ് ചെയ്തു കഴിഞ്ഞു.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : ശ്രീ. വി.പി. രാമകൃഷ്ണപിള്ളയ്ക്കുവേണ്ടി ബഹുമാനപ്പെട്ട രാധാകൃഷ്ണൻ മറുപടി പറഞ്ഞു ................... ബഹളം ............

<u>മി. സ്പീക്കർ</u> : ഇത് ശരിയായ ഒരു രീതിയല്ല, ഇനി ആരേയും അനുവദിക്കുന്ന പ്രശ്നമില്ല................. ബഹളം ...................... പ്ലീസ് ............ രാവിലെ ഡിസ്കസ് ചെയ്തു കഴിഞ്ഞ കാര്യമാണ് അതിനെ സംബന്ധിച്ച് റൂളിംഗ് മാത്രമേ റിസർവ് ചെയ്തിട്ടുള്ളൂ................. പിന്നെ ഒരു ഡിസ്കഷൻ പാടില്ല ..................ബഹളം............. നോ..................നോ................രാവിലെ ഡിസ്കസ് ചെയ്തുകഴിഞ്ഞ കാര്യമാണ്, വിശദമായി ചർച്ച ചെയ്തുകഴിഞ്ഞ കാര്യമാണ്. പക്ഷേ അത് ഗൗരവമുള്ള പ്രത്യേകം പരിശോധിക്കേണ്ട ഒരു കാര്യമായതുകൊണ്ട് റൂളിംഗ് റിസർവ് ചെയ്തതാണ്. അതാണ് ഇപ്പോൾ നൽകാൻ പോകുന്നത്. ഇവിടെ പറഞ്ഞുകേട്ട കാര്യം ഉൾപ്പെടെയുള്ള കാര്യം പറയുകയാണ്. ഇനി ഇത് അങ്ങോട്ട് മാറ്റിവയ്ക്കാൻ പറ്റുകയില്ല.

# XI. റൂളിംഗ്

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

<u>മി. സ്പീക്കർ</u> : ചട്ടം 204(1) അനുസരിച്ച് നിയമസഭാ കമ്മിറ്റികളുടെ റിപ്പോർട്ട് ചെയർമാനോ ചെയർമാൻ ഹാജരായിട്ടില്ലെങ്കിൽ കമ്മിറ്റിയിലെ ഏതെങ്കിലും അംഗമോ സഭയിൽ സമർപ്പിക്കണമെന്നുണ്ട്. എന്നാൽ സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്ന അവസരങ്ങളിൽ ചെയർമാൻമാരായ മന്ത്രിമാർ സീറ്റിൽ ഇല്ലെങ്കിൽ മറ്റ് മന്ത്രിമാർ റിപ്പോർട്ട് സമർപ്പിക്കുന്നത് പതിവാണ്, അതാണ് ഇവിടെ നിലവിലുള്ളത്, ഈ ദിവസം ഉൾപ്പെടെ, എന്നാൽ ചട്ടത്തിന്റെ സ്ട്രിക്ട് സെൻസിൽ ഇത് ശരിയല്ല. അതുകൊണ്ട് ഈ സമയം മുതൽ അത് സ്ട്രിക്ടായിട്ട് നടപ്പിലാക്കാൻ ചെയർ



LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ സൗകര്യത്തിനായി ഇങ്ങനെ ചെയ്തു വന്നിരുന്നുവെങ്കിലും അത് ചട്ടം അനുസരിച്ച് നിർദ്ദോഷമെന്ന് പറയാൻ നിർവ്വാഹമില്ല. അതുകൊണ്ട് മേലിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ മന്ത്രി മാരായ ചെയർമാൻമാരോ അവരുടെ അഭാവത്തിൽ കമ്മിറ്റിയിലെ മറ്റൊരംഗം മാത്രമേ അവതരിപ്പിക്കാവൂ എന്ന് ചെയർ റൂൾ ചെയ്യുന്നു.............ബഹുമാ ..................... മന്ത്രി തന്നെ ആവണമെന്നില്ല.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖ ദാസ്) : സർ, കായിക വിനോദത്തെക്കുറിച്ച് രണ്ടോ മൂന്നോ അംഗങ്ങൾ മാത്രമേ ഇവിടെ സംസാരിച്ചിട്ടുള്ളൂ. സർവ്വശ്രീ. ടി. നാണുമാസ്റ്റർ, സി.കെ. നാണു, കബീർ മാസ്റ്റർ എന്നിവരാണ്. ഈ കാര്യത്തിൽ കേരളത്തിന് അഭിമാ നിക്കാവുന്ന നേട്ടം ഉണ്ടായ ഒരു വർഷമാണ് ഈ വർഷം. കേരളത്തെ സംബ ന്ധിച്ചിടത്തോളം കായിക വിനോദരംഗത്ത് അഭിമാനിക്കാവുന്ന വർഷമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് നാഷണൽ ഗെയിംസ് കഴിഞ്ഞു. ഈ ഗവൺമെന്റിന് മുൻപ് മൂന്നാമത് ഒരു നാഷണൽ ഗെയിംസ് പൂനയിൽ നടന്നു. പൂനയിലെ നാഷണൽ ഗെയിംസിൽ 11-ാം സ്ഥാനത്തുനിന്നുവെങ്കിൽ ഈ ഗവൺമെന്റ് വന്ന് ഒരു വർഷം തികയുമ്പോൾ ബാംഗ്ലൂർ നാഷണൽ ഗെയിം സിൽ നാലാം സ്ഥാനത്തെത്തി. പുറമേയുള്ള കേരളീയരുമായൊക്കെ ഞങ്ങൾ നേരിട്ട് ബന്ധപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് നാലാം സ്ഥാനത്ത് എത്താൻ കഴിഞ്ഞു. നമ്മുടെ കായിക രംഗത്തുള്ളവരുടെ നേട്ടം കൂടി. എന്നാൽ ഇംഫാലിൽ നടന്ന ഗെയിംസിൽ ഗോൾഡ് മെഡലിൽ നമ്മൾ ഏറ്റവും മുന്നിൽ ആയി. സാങ്കേതികമായി ചില കാരണങ്ങളാൽ 5 പോയിന്റിന് നമ്മുടെ ചാമ്പ്യൻഷിപ്പ് പോയി. സ്പോർട്സ് രംഗത്ത് മികച്ച പരി ശീലന സൗകര്യങ്ങൾ നൽകുവാൻ നമ്മൾ പരമാവധി ശ്രമിക്കുന്നുണ്ട്. ഈ വർഷം ഗവൺമെന്റ് ഉദ്ദേശിക്കുന്ന ചില കാര്യങ്ങൾ ഈ സഭയെ അറിയിക്കാം. ഗവൺമെന്റിന്റെ സഹകരണം ആവശ്യമുള്ളതുകൊണ്ട് ഞാൻ ഈ സമയം അതിന് ഉപയോഗിക്കുന്നു. ഒന്ന്, 8-ാം പദ്ധതിയിലുണ്ടായിരുന്ന 14.78 കോടിയും 9-ാം പദ്ധതിയിൽ 40 കോടിയും നോൺപ്ലാനിൽ അധികമായ സംഖ്യയും ചെലവാക്കാൻ ഉദ്ദേശിക്കുന്നു. പഞ്ചായത്തുകൾക്ക് വലിയൊരു തുക ഈ രംഗത്തേയ്ക്ക് നീക്കിവയ്ക്കാൻ നിശ്ചയിച്ചിട്ടുണ്ട്. 'എല്ലാവർക്കും കായികക്ഷമത' എന്ന പരിപാടി ഈ വർഷം തൃശൂർ ജില്ലയിൽ ആരംഭിക്കുക. സമ്പൂർണ്ണ സാക്ഷരതയെപോലെ ഘട്ടംഘട്ടമായി 'സമ്പൂർണ്ണ കായികക്ഷമത', ഇതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഇതിനായി ആറര ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. അടുത്തവർഷം മുതൽ കൂടുതൽ വിപുലപ്പെടുത്തിയരീ തിയിൽ നടത്താൻ കഴിയും. തൃശൂരിൽ ആരംഭിക്കുന്ന പരിപാടി കേരളത്തിൽ വിദ്യാർത്ഥികൾക്ക് കായികക്ഷമതാരംഗത്ത് വലിയ പരിശീലനം നൽകാൻ കഴിയുന്ന ഒന്നാകും. 'ഓപ്പറേഷൻ ഒളിംപിയ' എന്ന രീതിയിൽ 3 ഘട്ടങ്ങളി ലായി പഞ്ചായത്തിൽ 100 പേർ, ജില്ലകളിൽ 100 പേർ, സ്റ്റേറ്റിൽ ഇങ്ങനെ 3 ഘട്ടങ്ങളിലായി തെരഞ്ഞെടുക്കപ്പെട്ടവരുടെ ട്രെയിനിംഗ് പരിശീലനം, മൊത്തം 8 കൊല്ലം ആകുമ്പോൾ അവർക്കൊക്കെ നല്ല പരിശീലനം കൊടു ക്കാൻ കഴിയുന്ന രീതിയിൽ ഈ വർഷം വളരെ വിപുലമായി നടത്താൻ ആഗ്ര ഹിക്കുന്നു. ബഹുമാനപ്പെട്ട ഒല്ലൂർ മെമ്പർ ഇവിടെ സംസാരിച്ചപ്പോൾ നമ്മുടെ പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി കൊടുക്കേണ്ട കാര്യം ഇവിടെ ചൂണ്ടി ക്കാണിച്ചു. ഈ വർഷം സ്പോർട്സ് ക്വാട്ടയിൽ ജോലി നൽകാൻ കെ.എസ്. ആർ.ടി.സി. വോളിബാൾ താരങ്ങളെ സെലക്ട് ചെയ്തിട്ടുണ്ട്. വ്യവസായ വകുപ്പും വൈദ്യുതി വകുപ്പും ഇത് സംബന്ധിച്ചു നടപടികൾ സ്വീകരിക്കുക യാണ്. കുറെ പേർക്ക് ജോലി കൊടുക്കാൻ കഴിയും. 1992 മുതൽ ഗവൺമെന്റിൽ ലഭിക്കേണ്ട ജോലി അവർക്ക് ലഭിച്ചിരുന്നില്ല. അതിൽ 100

LIBRARY ARCHIVES Kerala Legislative Assembly

പേർക്ക് ജോലി കൊടുക്കാനുള്ള എല്ലാ ഉത്തരവും വന്നു. ഹൈക്കോടതിയിൽ ഒരു കേസുണ്ടായി, സ്റ്റേ വെക്കേറ്റ് ചെയ്യാൻ ശ്രമിക്കുകയാണ്. അത് വെക്കേറ്റ് ചെയ്ത് ഈ കൊല്ലം തന്നെ അവർക്ക് ജോലി കൊടുക്കാൻ കഴിയുമെന്ന് കരുതുന്നു.

അതുപോലെതന്നെ ബോബി അലോഷ്യസിനെ ഏഷ്യാഡിനുവേണ്ടിയും ഒളിമ്പിക്സിനുവേണ്ടിയും ട്രെയിനിംഗിനുവേണ്ടി 3 ലക്ഷം രൂപ കൊടുത്ത് അയച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടായാൽ ഗവൺമെന്റ് അതും പരിശോധിക്കും. 'എല്ലാവർക്കും കായികവിനോദം എന്ന തത്വം' അടിസ്ഥാനമാക്കി ഒരു ബില്ലിന് രൂപം കൊടുക്കാൻ ഒരു കമ്മിറ്റിയെ വച്ചിരുന്നു. ആ കമ്മിറ്റി റിപ്പോർട്ടു തന്നു. അതനുസരിച്ച് ബിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ബി.എ.സി. യുടെ തീരുമാനവും ബഹുമാനപ്പെട്ട അംഗങ്ങളുടെ സഹകരണവും ഉണ്ടെങ്കിൽ ഈ രംഗത്തെ പോരായ്മകൾ പരിഹരിക്കാനുള്ള ആദ്യത്തെ ഒരു നിയമനിർമ്മാണമാണ് ഇതിലൂടെ നടത്തുന്നത്. കേരളത്തിലെ കായിക രംഗത്തിന് കുറെ നിയമ സംരക്ഷണവും ഇതുമൂലം ഉണ്ടാക്കാൻ കഴിയുമെന്നു കരുതുന്നു. ആ ലക്ഷ്യം വച്ചുകൊണ്ടാണ് കായിക വിനോദ വകുപ്പ് മുന്നോട്ടു പോകുന്നത്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഇന്നത്തെ ചർച്ചയിൽ മുന്നോട്ടു വച്ച നിർദ്ദേശങ്ങൾക്ക് ആദ്യമായി ഞാൻ നന്ദി പറയുകയാണ്. തലചായ്ക്കാനിടമില്ലാത്ത പാവപ്പെട്ടവർക്ക് വീടു വച്ചുകൊടുക്കുന്നത് ഈ ഗവൺമെന്റിന്റെ മുഖ്യമായ ലക്ഷ്യങ്ങളിലൊന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ, ഞാൻ ഭവന നിർമ്മാണ വകുപ്പിന്റെ ചാർജ് ഏറ്റെടുത്തയുടനെ തന്നെ ഭവന നിർമ്മാണ ബോർഡുമായി ചർച്ചകൾ നടത്തി. ദുർബല ജനവിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതിക്ക് മുൻതൂക്കം നൽകിക്കൊണ്ട് മുന്നോട്ടു പോകാൻ തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പ്രവർത്തിച്ചതിന്റെ ഫലമായി ഈ കഴിഞ്ഞ 3 കൊല്ലക്കാലം കൊണ്ട് കൈവരിച്ച നേട്ടങ്ങൾ വളരെ ശ്രദ്ധേയമാണ്. ഈ 3 കൊല്ലക്കാലത്തെ നേട്ടങ്ങളേയും വിലയിരുത്തിക്കൊണ്ട് പാർപ്പിട രംഗത്ത് ഏറ്റവുമധികം സഹായം നൽകുന്ന ഹഡ്കോ മുഴുവൻ സംസ്ഥാനങ്ങളേയും വിലയിരുത്തുകയും 1997-98 ലും 1998-99 ലും ഇൻഡ്യയിൽവച്ച് ഒന്നാം സ്ഥാനത്ത് കേരളം എത്തി എന്നുള്ളതിന് ഡൽഹിയിൽ വച്ച് അവാർഡും നൽകി. മുൻ ഗവൺമെന്റിന്റെ കാലത്ത് ദുർബല ജന വിഭാഗങ്ങൾക്കുവേണ്ടി നടന്ന കെട്ടിട നിർമ്മാണത്തെപ്പറ്റി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട കെ.സി. ജോസഫ് ഇന്നിവിടെ അതിനെ ചോദ്യം ചെയ്യുകയുണ്ടായി. ഹൗസിംഗ് ബോർഡിൽ റിക്കാർഡുകൾ ഉണ്ട്. അവിടെ നിന്ന് എടുത്ത റിക്കാർഡുകളാണ് എന്റെ കൈയിലിരിക്കുന്നത്. വേറെയൊന്നുമല്ല. ബഹുമാനപ്പെട്ട കെ.എം. മാണി ഭവന നിർമ്മാണ വകുപ്പിന്റെ ചാർജ് വഹിക്കുമ്പോൾ ഉള്ള റിക്കാർഡ് തന്നെയാണ്. അത് അവിടെത്തന്നെയുണ്ട്. അതിൽ യാതൊരു മാറ്റവുമില്ല. 1991-92-ൽ ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി ഹൗസിംഗ് ബോർഡ് തീർത്ത വീടുകളുടെ ആകെ എണ്ണം 252. 1992-93-ൽ 113. 1993-94-ൽ 1415. 1994-95-ൽ 2935. 1995-96-ൽ 3965. ആകെ 8680 വീടുകൾ. ഇത് ഹൗസിംഗ് ബോർഡിലുള്ള രേഖകളാണ്. അന്ന് ഹഡ്കോയിലാണല്ലോ സഹായം നൽകുന്നത്. ഇത്രയും വീടുകൾക്ക് അന്ന് ഹഡ്കോ നൽകിയ തുക 21 കോടി 17 ലക്ഷം രൂപയാണ്. വളരെ കൃത്യമായിട്ടുള്ള കണക്കുകളാണ്. ഇത് വളരെ മനഃപ്രയാസം ഉണ്ടാക്കുന്ന കാര്യമാണ് എന്നുള്ളതുകൊണ്ടാണ് പ്രതികരിക്കുന്നത്. 1996-97-ൽ

LIBRARY ARCHIVES Kerala Legislative Assembly

252-ന്റെ സ്ഥാനത്ത് 19261. 1997-98-ൽ 30487. 1998-99-ൽ 42935. ഈ വർഷം ഇപ്പോൾ 8281 കൂടിയായി. ഒരു ലക്ഷത്തി ഒൻപതിനായിരത്തി അറുപത്തിനാല് വീടുകൾ. ഇത് മൂന്നു കൊല്ലം കൊണ്ട് പൂർത്തിയായതാണ്. ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്നതും ഉണ്ട്. ഒരു ലക്ഷത്തി നാൽപതിനായിരം ആണ് സാങ്ഷൻ ചെയ്തിരിക്കുന്നത്. കഴിഞ്ഞ കാലത്തെ സാങ്ഷൻ 16630. ഇപ്പോൾ സാങ്ഷൻ ഒരു ലക്ഷത്തി നാൽപതിനായിരത്തി അഞ്ച്. ഇതിന് വിതരണം ചെയ്ത തുക 311 കോടി 43 ലക്ഷം രൂപ. ഹൗസിംഗ് ബോർഡിലെ വളരെ വ്യക്തമായ കണക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനുതന്നെ പരിശോധിക്കാം. ഹൗസിംഗ് ബോർഡ് നടപ്പാക്കിയ ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതിയാണ്. ഇനി വേറെയും വീടുകൾ പല സ്കീമുകളിൽ തീരുന്നുണ്ട്. ഈ ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെ മറ്റു വകുപ്പുകളുമായി ചേർന്ന് അടുത്ത രണ്ടു കൊല്ലം കൊണ്ട് 5 ലക്ഷം വീടുകൾ ഈ സംസ്ഥാനത്ത് തല ചായ്ക്കാൻ ഇടമില്ലാത്ത പാവപ്പെട്ടവർക്കുവേണ്ടി നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മറ്റെല്ലാ വകുപ്പുകളും കൂടിച്ചേർന്ന് ഈ ലക്ഷ്യം ഗവൺമെന്റ് കൈവരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വേറെ പ്രോഗ്രാമും ഉണ്ട്. ഹൗസിംഗ് ബോർഡും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എല്ലാം കൈകോർത്തുപിടിച്ച്, വിവിധ വകുപ്പുകൾ യോജിച്ച് ഈ വലിയ യജ്ഞം, 5 ലക്ഷം വീടുകൾ ഈ രണ്ടു കൊല്ലം കൊണ്ട് തീർക്കാനുള്ള പദ്ധതിയുടെ മുഖ്യമായ ഒരു പങ്ക് ഹൗസിംഗ് ബോർഡ് വഹിക്കും. ഏകദേശം രണ്ട് ലക്ഷത്തോളം വീടുകൾ ഹൗസിംഗ് ബോർഡുതന്നെ തീർക്കുന്നു. വലിയ യജ്ഞം ഹൗസിംഗ് ബോർഡുതന്നെ നടത്തിക്കൊണ്ടിരിക്കുകയാണ്. മറ്റ് പാർപ്പിട പ്രശ്നങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. തല ചായ്ക്കാൻ ഇടമില്ലാത്ത പാവപ്പെട്ടവർക്കുവേണ്ടിയുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഈ ഗവൺമെന്റ് നയപരമായ ഒരു തീരുമാനം എടുത്ത് മുന്നോട്ടു നീങ്ങുന്നു. ഹൗസിംഗ് ബോർഡും ഈ രംഗത്ത് ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച് ഒട്ടേറെ നല്ല നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ് ഇപ്പോൾ ഗുണനിലവാരത്തിൽ താഴേയ്ക്കു പോയിക്കൊണ്ടിരിക്കുന്നു എന്നുള്ള അഭിപ്രായം ഇവിടെയുണ്ടായി. എസ്.എസ്.എൽ.സി. പരീക്ഷ നമ്മളെല്ലാവരും വളരെ ശ്രദ്ധയോടുകൂടി വീക്ഷിക്കുന്ന ഒന്നാണ്. കഴിഞ്ഞ 3 വർഷക്കാലമായി ഈ രംഗത്ത് ഉണ്ടായ മാറ്റം വളരെ ശ്രദ്ധേയമാണ്. 1996-97-ൽ 50.50 ശതമാനം കുട്ടികളാണ് ജയിച്ചത്. അന്നു നൽകിയ മോഡറേഷൻ 35 മാർക്ക് ആയിരുന്നു. 1997-98-ൽ 52.47 ശതമാനം കുട്ടികൾ വിജയിച്ചു. അന്നു മോഡറേഷൻ 30 ആയി കുറച്ചു. 1999 ആയപ്പോൾ വിജയ ശതമാനം 53.9 ആയി ഉയർന്നു. മോഡറേഷന്റെ മാർക്ക് 25 ആയി കുറച്ചു. ഇങ്ങനെ മോഡറേഷന്റെ മാർക്ക് കുറച്ചുകൊണ്ടു വന്നിട്ടും ഈ രംഗത്ത് വിജയ ശതമാനം കൂടിക്കൊണ്ടിരിക്കുന്നു. വിജയശതമാനം മാത്രമല്ല, 1997-ൽ ഡിസ്റ്റിംഗ്ഷൻ കിട്ടിയവരുടെ എണ്ണം 14370 ആണ്. 1998-ൽ 15993. 1999-ൽ 18785. വിദ്യാഭ്യാസ രംഗത്തിന്റെ ഗുണനിലവാരം താഴേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നു എന്നുള്ള വിമർശനം വന്നതുകൊണ്ടാണ് ഞാനിതു പറയുന്നത്. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഇന്നുവന്നുകൊണ്ടിരിക്കുന്ന മാറ്റമെന്താണ്? ഫസ്റ്റ് ക്ലാസിന്റെ കാര്യത്തിലും സെക്കന്റ് ക്ലാസിന്റെ കാര്യത്തിലും ഗണ്യമായ മാറ്റം ഉണ്ടായിരിക്കുകയാണ്. ഈ കാര്യത്തിൽ മോശമായിട്ടുള്ള, അതായത് എസ്.എസ്.എൽ.സി. പരീക്ഷയുടെ റിസൽറ്റ് മോശമായ സ്കൂളുകളെ ദത്തെടുത്ത് പ്രത്യേകമായി പദ്ധതി ആവിഷ്ക്കരിച്ചതിന്റെ ഫലമായി അവിടെയെല്ലാം നിർണ്ണായകമായ പുരോഗതി

LIBRARY ARCHIVES Kerala Legislative Assembly

കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അദ്ധ്യാപകർക്കുള്ള പരിശീലനത്തിന്റെ കാര്യം. കേരളത്തിൽ 1,87,543 അദ്ധ്യാപകരാണുള്ളത്. ഇവരിൽ ബഹുഭൂരിപക്ഷത്തിനും ഇതിനോടകം പരിശീലനം നൽകിക്കഴിഞ്ഞു. പരിശീലനം എല്ലാ വർഷത്തെയും ഒരു പദ്ധതിയാക്കി മാറ്റിയിരിക്കുകയാണ്. 92,596 ഹൈസ്കൂൾ അദ്ധ്യാപകർക്കും, 49,345 യു.പി. സ്കൂൾ അദ്ധ്യാപകർക്കും, 44,652 എൽ.പി. സ്കൂൾ അദ്ധ്യാപകർക്കും പരിശീലനം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ അവധിക്കാലത്തും പരിശീലനപരിപാടി വളരെ വിജയപ്രദമായി നടത്തിയിരിക്കുകയാണ്. ഇതിന്റെയെല്ലാം ഗുണപരമായ മാറ്റങ്ങൾ 10-ാം ക്ലാസിലെ പരീക്ഷയുടെ ഫലത്തിൽ പ്രതിഫലിക്കുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ ശ്രദ്ധേയമായ കാര്യങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വരുത്തിയിട്ടുണ്ട്. ഗിഫ്റ്റഡ് ചിൽഡ്രൻ, അതായത് ഹൈസ്കൂളിൽ നിന്നും 50-ഉം കുട്ടികളെ തെരഞ്ഞെടുത്ത് അവർക്കും പ്രത്യേകമായ പരിശീലനം നൽകിവരുന്നുണ്ട്. ഈ പരിശീലന പരിപാടികൾ വ്യാപകമായി നടത്തിയതിന്റെ ഫലമായി എസ്.എസ്.എൽ.സി. യുടെ വിജയശതമാനം മാത്രമല്ല പല കോർ സബ്ജക്ട്സിന്റേയും സ്റ്റേറ്റ് ആവറേജും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ വികസനപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി പ്ലാനിൽപ്പെടുത്തി സ്കൂളുകളിൽ ഡ്രിങ്കിംഗ് വാട്ടർ നൽകാനും, അതുപോലെ യു.പി. സ്കൂളുകളിൽ ഡ്രിങ്കിംഗ് വാട്ടറും ടോയ്ലറ്റ് സൗകര്യങ്ങളും ഏർപ്പെടുത്താനും പി.ടി.എ. വഴി ഒരു ബൃഹത്തായ പരിപാടി നടപ്പിലാക്കിയിരിക്കുകയാണ്. അത് പൂർണ്ണമായും ലക്ഷ്യത്തിലെത്തിക്കാൻ കഴിഞ്ഞിരിക്കുന്നു. ഇനിയും കൂടുതലായി അടുത്ത പ്രാവശ്യം ഫിനാൻസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരത്തക്കവണ്ണം വീണ്ടും പുതിയ സ്കീമുകൾ തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസ രംഗത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള പരിപാടിയിൽ ഇന്നത്തെ കുറവുകൾ എന്താണെന്ന് കണ്ടുകൊണ്ട് അത് മെച്ചപ്പെടുത്തുന്നതിനുള്ള ചില കാര്യങ്ങളിലേയ്ക്ക് രണ്ടാമത് വന്നുകൊള്ളാം. 10-ാം ക്ലാസിൽ നിന്നും ഇത്രയും കുട്ടികൾ പാസ്സാകുമ്പോൾ അവർക്ക് പഠനസൗകര്യമില്ലായെന്നുള്ള വലിയ പരാതി ഉയർന്നുവന്നിട്ടുണ്ട്. എന്താണ് വസ്തുത? രണ്ടര ലക്ഷം കുട്ടികൾ 10-ാം ക്ലാസ് പാസ്സാകുന്നു. ഇന്നിപ്പോൾ പ്ലസ് ടു വിലും പ്രീഡിഗ്രിയിലും കൂടെ എത്ര സീറ്റുകളാണുള്ളത്? 1,44,000 സീറ്റുകളാണ് സംസ്ഥാനത്ത് കുട്ടികൾക്ക് പഠിക്കുവാനായിട്ടുള്ളത്. ഡീലിങ്കിനു മുൻപ് സാങ്ഷൻഡ് സ്ട്രെങ്ത് 95,000 ആയിരുന്നു. സംസ്ഥാനത്തെ 34 വിദ്യാഭ്യാസ ജില്ലകളിലുമുള്ള ഏറ്റവും കഴിവുള്ള കുട്ടികളെ, ഏറ്റവും പ്രഗൽഭരായ കുട്ടികളെ (അക്കാദമിക് രംഗങ്ങളിലും മറ്റു രംഗങ്ങളിലും) ടെസ്റ്റ് നടത്തി. ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും പത്തു കുട്ടികളെ വീതം തെരഞ്ഞെടുക്കുന്ന പരിപാടി 1997-98-ൽ ആരംഭിച്ചു. 340 കുട്ടികളെ തെരഞ്ഞെടുത്തു. 7-ാം ക്ലാസിലെ അവരുടെ പെർഫോർമൻസിന്റെ അടിസ്ഥാനത്തിൽ, ഒരു നിശ്ചിത ശതമാനത്തിൽ കൂടുതൽ മാർക്കുള്ള കുട്ടികളെ ടെസ്റ്റെഴുതാൻ അനുവദിക്കുന്നു. അവർക്കുവേണ്ടി ഓരോ ജില്ലയിലും പ്രത്യേക പരിശീലനം കോ-ഓർഡിനേറ്റേഴ്സിന്റെ കീഴിൽ നൽകുന്നുണ്ട്. ഒരു മാസത്തിൽ മൂന്നു മീറ്റിംഗുകൾ വച്ച് നടത്തി അവരെ പ്രത്യേകമായി പരിശീലിപ്പിക്കുന്ന പരിപാടിക്ക് രൂപം കൊടുത്തിരിക്കുകയാണ്. വളരെയേറെ കുട്ടികൾ ടെസ്റ്റെഴുതിയിട്ടുണ്ട്. ഇവരുടെ എണ്ണം ഒരു വിദ്യാഭ്യാസ ജില്ലയിൽ 10 എന്നുള്ളത് കുറവാണെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, വളരെ ഭാവനയുള്ള, വളരെയേറെ നേട്ടങ്ങൾ ശാസ്ത്ര സാങ്കേതിക രംഗത്തും മറ്റു മേഖലകളിലും കൈവരിക്കുവാൻ കഴിയുന്ന പ്രതിഭകൾ ഒരു വിദ്യാഭ്യാസജില്ലയിൽ 10 എന്നു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത് 20 ആക്കി വർദ്ധിപ്പിക്കുവാൻ ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണ്. ഓരോ ജില്ലയിലും (റവന്യൂ ജില്ല) ലീഡ് സ്കൂളുകളുമുണ്ട്. ആ ലീഡ് സ്കൂളുകൾ ഇതിന്റെ പ്രധാനപ്പെട്ട കേന്ദ്രമായി പ്രവർത്തിക്കുന്നുണ്ട്. അതുപോലെ 'പ്രതിഭാ സംഗമം'; അവധിക്കാലത്തു നടത്തുന്ന ഈ പരിപാടിയിലും യു.പി. സ്കൂളിൽ നിന്നും 50-ഉം കൂടി 1,44,000 സീറ്റുകൾ ഉണ്ട്. 84,000 സീറ്റുകൾ ഇന്ന് പ്ലസ് ടൂ-വിലുണ്ട്. അതുപോലെ 60,000-ത്തോളം സീറ്റുകൾ ഇന്ന് കോളേജുകളിൽ നിലനിൽക്കുന്നു. രണ്ടര ലക്ഷത്തിൽ 1,44,000 സീറ്റുകൾ പ്ലസ് ടൂ വിനും പ്രീഡിഗ്രിക്കും മാത്രമായിട്ടുണ്ട്. അതുപോലെ വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ 20,000-ത്തോളം സീറ്റുകളുണ്ട്. ഐ.ടി.ഐ., ഐ.ടി.സി., തുടങ്ങിയ രംഗത്ത് 40,000-ൽപ്പരം സീറ്റുകളുണ്ട്. അവിടെയെല്ലാം കുട്ടികൾ ചേർന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ രണ്ടു ലക്ഷത്തോളം സീറ്റുകൾ ഈ മേഖലയിൽ മാത്രം നമ്മുടെ സംസ്ഥാനത്തുണ്ട്. പോളിടെക്നിക്കും, മറ്റു പ്രൊഫഷണൽ കോഴ്സുകളും വേറെ. ഈ രംഗത്ത് എന്താണ് മാറ്റം വന്നിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 10-ാം ക്ലാസ് പാസ്സാകുന്ന കുട്ടികൾക്ക് പഠിക്കുവാൻ ഏതാണ്ട് 44,000 സീറ്റുകൾ അഡീഷണലായിട്ട് അനുവദിച്ചിരിക്കുന്നു. അപ്പോൾ വിദ്യാഭ്യാസ നിലവാരം കുറഞ്ഞിരിക്കുകയാണോ? പല കോഴ്സുകളിലും പോകേണ്ട വിദ്യാർത്ഥികളാണ്. മുഴുവൻ കുട്ടികളും പ്ലസ് ടൂ വിൽ അല്ലെങ്കിൽ പ്രീഡിഗ്രിയ്ക്ക് ചേരുമെന്ന് എനിക്കു തോന്നുന്നില്ല. ബഹുഭൂരിപക്ഷം കുട്ടികൾക്കും ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരം ഇപ്പോൾത്തന്നെയുണ്ട്. 10-ാം ക്ലാസ് പാസ്സാകുന്ന കുട്ടികൾക്കുവേണ്ടിയാണ് പോളിടെക്നിക്. അതിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ള സ്ഥിതി എന്തായിരുന്നു? 6,360 സീറ്റുകളാണ് ഉണ്ടായിരുന്നത്. കഴിഞ്ഞ രണ്ടുവർഷമായി പുതിയ പോളിടെക്നിക് അനുവദിച്ച് 2,400 സീറ്റുകൾ അധികമായി വർദ്ധിപ്പിച്ചു. ഇപ്പോൾ 8,760 സീറ്റുകളുണ്ട്. നിർണ്ണായകമായ മാറ്റമാണ് ഈ രംഗത്ത് കൈവരിച്ചിരിക്കുന്നത്. അതുകൊണ്ട് കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യുവാൻ സൗകര്യമില്ലെന്നുള്ള പ്രസ്താവന, ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തണം. അതുപോലെ പ്രൈവറ്റ് രജിസ്ട്രേഷൻ വേറെയുണ്ട്. പ്രൈവറ്റ് രജിസ്ട്രേഷൻ ഇപ്പോഴും തുടരുകയാണ്. ആ കുട്ടികൾക്കൊക്കെ പ്രീഡിഗ്രിയ്ക്കോ പ്ലസ്ടുവിനോ അഡ്മിഷൻ കിട്ടും. പ്ലസ്ടുവിനെ സംബന്ധിച്ച് ഇത്തവണ പല സ്കൂളുകളിലും അന്വേഷിക്കുക, അപേക്ഷകരുടെ എണ്ണം എത്രയോ വർദ്ധിച്ചിരിക്കുന്നു. ഓരോ സ്കൂളുകളിലും വർദ്ധിച്ചിരിക്കുന്നു. കഴിഞ്ഞ വർഷം അതിനോട് അത്ര ആകർഷണമുണ്ടായിരുന്നില്ല. ഇത്തവണ സി.ബി.എസ്.ഇ. സിലബസ് അംഗീകരിച്ചുകൊണ്ട് അതിലേയ്ക്ക് ധാരാളമായി അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ സ്കൂൾ പ്രവേശനം കഴിയുമ്പോൾ അറിയാം. ഈ സ്കൂളുകളിൽ എത്ര കുട്ടികൾ കൂടുതലായി അപേക്ഷിച്ചിരിക്കുന്നു എന്നുള്ളത്. ഈ വർഷം +2 അനുവദിച്ചില്ലായെന്ന് നമുക്കറിയാം. കഴിഞ്ഞ വർഷം +2 അനുവദിച്ചതിൽ ഉള്ള കുറവുകളെപ്പറ്റി പറയുകയുണ്ടായി. ശരിയായിട്ടുള്ള ചില പരാതികളുണ്ട്. അന്നുകിട്ടിയ അപേക്ഷകളിൽ യോഗ്യതയുള്ള അല്ലെങ്കിൽ ക്ലിയറൻസ് കിട്ടിയ അപേക്ഷകൾ......... ഒരു കമ്മിറ്റി ഉണ്ടായിരുന്നു. ആ അപേക്ഷകളിൽ നൽകാവുന്ന എല്ലാ പരിഗണനകളും വച്ച് നൽകാവുന്ന സ്കൂളുകൾക്കാണ് അനുമതി കൊടുത്തത്. ഇപ്പോൾ ചില സ്കൂളുകളിൽ കുറവുകളുണ്ട് എന്ന് പറയുകയുണ്ടായി. കോളേജുകളിൽ നിന്ന് പ്രീ-ഡിഗ്രി വേർപെടുത്തുമ്പോൾ ഉള്ള ഒരു ബദൽ സംവിധാനമാണ് നമ്മൾ ഏർപ്പെടുത്തുന്നത്. മുഴുവൻ ഹൈസ്കൂളുകളിലും പ്ലസ് ടൂ നടപ്പാ

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അത് വേറെ പ്രശ്നമാണ്. വ്യാപിപ്പിക്കേണ്ടതാണ്. ഒരു സംശയവുമില്ല. കാരണം ഡീലിങ്കിംഗ് വരുമ്പോൾ പ്രീ-ഡിഗ്രിക്ക് ഉണ്ടാകുന്നതിന്റെ ഇരട്ടി സീറ്റ് ഉണ്ടാകുമെന്നതിൽ സംശയമില്ല. എന്നാൽ മുഴുവൻ സ്കൂളുകൾക്കും പ്ലസ് ടൂ അനുവദിക്കുക എന്നതിനു സാമ്പത്തികം അനുവദിക്കുന്നുണ്ടോ എന്ന് നിഷ്പക്ഷമായി ആലോചിക്കണം. എല്ലാ എൽ.പി. സ്കൂളുകളും യു.പി. സ്കൂളുകളായിട്ടുണ്ടോ; എല്ലാ യു.പി. സ്കൂളുകളും ഹൈസ്കൂളായോ; എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടൂ അനുവദിക്കണമെന്നാണോ?

<u>ശ്രീ. ടി.എം. ജേക്കബ്</u> : അങ്ങനെ അല്ലല്ലോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : അങ്ങനെ തന്നെയാണ്. കോളേജുകളിലെ സീറ്റുകൾ ഡീലിങ്ക് ചെയ്യുമ്പോൾ ഫസ്റ്റ് ഫെയ്സിൽ അതിനു ആസൂത്രിതമായ ബദൽ സംവിധാനം സ്കൂളുകളിൽ ഉണ്ടാക്കണം. തിരുവനന്തപുരം ജില്ലയിൽ 49 ബാച്ചുകളിലായി 3920 സീറ്റുകളാണ് ഡീലിങ്ക് ചെയ്തത്. പ്ലസ് ടൂവിൽ 178 ബാച്ചുകളിലായി 8900 സീറ്റുകളാണ് അനുവദിച്ചത്. പ്രീ-ഡിഗ്രിക്ക് 3920 സീറ്റ് കുറവുവന്നപ്പോൾ 48900 സീറ്റ് പ്ലസ് ടൂവിനു അനുവദിച്ചിരിക്കുന്നു. കൊല്ലത്ത് 3,120 കുറവ് വന്നപ്പോൾ 6,800 ആയി, പത്തനംതിട്ട 2,320 കുറവ് വന്നപ്പോൾ 5,300 ആയി. ആലപ്പുഴ 2,960 കുറവുവന്നപ്പോൾ 6,550 ആയി. കോട്ടയം 5,520 കുറവുവന്നപ്പോൾ 7, 950 ആയി. എറണാകുളം 4.080 കുറവുവന്നപ്പോൾ 9,600 ആയി. ഇടുക്കി 480 കുറവുവന്നപ്പോൾ 4,500 ആയി. തൃശ്ശൂർ 3,200 കുറവുവന്നപ്പോൾ 7,000 ആയി. പാലക്കാട് 2,080 കുറവുവന്നപ്പോൾ 4,950 ആയി. മലപ്പുറം 1680 കുറവുവന്നപ്പോൾ 6,450 സീറ്റാണ് അനുവദിച്ചിരിക്കുന്നത്. കോഴിക്കോട് 2,880 സീറ്റ് കുറഞ്ഞപ്പോൾ 5,930 സീറ്റ് അനുവദിച്ചു. വയനാട് 240 സീറ്റ് കുറഞ്ഞപ്പോൾ 1,900 സീറ്റ് അനുവദിച്ചു. കണ്ണൂർ 1,760 സീറ്റ് കുറഞ്ഞപ്പോൾ 5,850 സീറ്റ് അനുവദിച്ചു. കാസർഗോഡ് 560 സീറ്റ് കുറഞ്ഞപ്പോൾ 2,550 സീറ്റ് അനുവദിച്ചു. ഈ സംസ്ഥാനത്തെ മൊത്തത്തിൽ കണ്ടുകൊണ്ട് ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ നിഷ്പക്ഷമായി കാര്യങ്ങൾ ചെയ്തു എന്നാണ് ആത്മാർത്ഥമായി എനിക്ക് പറയുവാനുള്ളത്. ആകെയുള്ള സ്കൂളുകളുടെയും കോളേജുകളുടെയും എണ്ണം പരിശോധിക്കുമ്പോൾ ചില പ്രശ്നങ്ങൾ ഇവിടെ ഉണ്ട്. അത് പരമാവധി പരിഹരിക്കുവാൻ ഇനിയും പരിശ്രമം വേണ്ടതാണ്. അതിന് സംശയമില്ല. ഈ രംഗത്ത് 84,230 സീറ്റുകൾ സൃഷ്ടിച്ചു, 34,800 സീറ്റുകളാണ് കുറഞ്ഞത്. എന്നാൽ ഇപ്പോഴും വിദ്യാഭ്യാസ സൗകര്യങ്ങൾ കുറഞ്ഞു എന്ന് പ്രതിപക്ഷത്തുനിന്നും പറയുന്നതിന്റെ അടിസ്ഥാനം എന്താണ്? ഇത്രയും സീറ്റുകൾ വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. വിജയശതമാനം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 50 ശതമാനം ആയിരുന്നു. ഇപ്പോൾ 53.9 ശതമാനമായി. അതുകൊണ്ട് മാത്രമുള്ള വർദ്ധനവല്ല; അതിനെക്കാൾ കൂടുതൽ സീറ്റുകൾ ഈ രംഗത്ത് വർദ്ധിപ്പിച്ചു. ഇവിടെ സ്കൂളുകളുടെ കാര്യം പറഞ്ഞു, ഗവൺമെന്റ് സ്കൂളുകളുടെ കാര്യത്തിൽ സൗകര്യം ഇല്ല എന്നുള്ള പരാതിയുണ്ടായിരുന്നു.

<u>ശ്രീ. കെ.എം. മാണി</u> : ഇവിടെ ജില്ല തിരിച്ചുള്ള കണക്ക് അങ്ങ് പറഞ്ഞു. കോട്ടയം ജില്ലയിൽ മുഴുവൻ പറയാതെ, പാലാ അൽഫോൺസാ കോളേജിലെ ബാച്ച് വേർപെടുത്തിയാൽ അവിടത്തെ പെൺകുട്ടികൾക്ക് സെന്റ്മേരീസിലോ, അല്ലെങ്കിൽ ആ ടൗണിൽതന്നെ പ്ലസ് ടു വിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യം കൊടുക്കുന്നുണ്ടോ; ആ നിലയിൽ വേർപെടുത്തിയ സ്ഥലങ്ങളിലിൽ പ്ലസ് ടു വിനുള്ള സൗകര്യങ്ങൾ ഉണ്ടോ? അങ്ങനെ നൽകിയിട്ടില

ശ്രീ. പി.ജെ. ജോസഫ് : ചുറ്റുപാടും ആവശ്യത്തിനുള്ള സീറ്റുകൾ ഉണ്ട്. ഇപ്പോൾ പുതിയ ബാച്ചുകൾ വന്നപ്പോൾ, അപേക്ഷ ഇല്ലെങ്കിൽ കൊടുക്കുവാൻ കഴിയുമോ? അങ്ങനെ ഉണ്ടായിട്ടുണ്ട്.

ശ്രീ. കെ.എം. മാണി : അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ. പി.ജെ. ജോസഫ് : ഇല്ല. രേഖകൾ പരിശോധിക്കാം. മൊത്തത്തിലുള്ള ചിത്രമാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്. ഓരോ കോളേജിന്റെയും അടുത്ത് വന്നിട്ടുണ്ടോ എന്ന് ചോദിച്ചാൽ ഉണ്ടായിരിക്കുകയില്ല. ഡീലിങ്കിംഗ് പരിശോധിക്കുമ്പോൾ മാത്രമേ ആ ലക്ഷ്യത്തിൽ എത്തുവാൻ കഴിയുകയുള്ളൂ. ഇപ്പോൾ മുഴുവനും പൂർണ്ണമാണെന്ന അവകാശവാദമില്ല. പരമാവധി ഈ കാര്യങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കും.

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : അങ്ങ് പറഞ്ഞ അനുപാതത്തിൽ നിന്ന് മനസ്സിലാകുന്നത് കോളേജ് ഡീലിങ്ക് ചെയ്യുന്നതിനാണ് കൊടുക്കുന്നത്. അപ്പോൾ സ്വാഭാവികമായിട്ടും കോളേജ് കുറഞ്ഞ ജില്ലകളിൽ ഇത് കുറയുകയില്ലേ; അവിടെ ഹൈസ്കൂളല്ലേ മാനദണ്ഡമാക്കേണ്ടത്?

ശ്രീ. പി.ജെ. ജോസഫ് : ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത്, ആദ്യ ഫെയിസിൽ കോളേജുകളിൽനിന്ന് ഡീലിങ്ക് ചെയ്തിട്ടുള്ളതിന് ബദൽ സംവിധാനം ഉണ്ടാകണം. അതോടൊപ്പം വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശം. ഒരു ലക്ഷമാണ് ഇവിടെ സൃഷ്ടിക്കുവാൻ പോകുന്നത്. ഇപ്പോൾ 1,84,000 ഉണ്ട്. ഡീലിങ്കിംഗ് പൂർത്തിയാകുമ്പോൾ 2,00,000-ൽ എത്തിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെ വരുമ്പോൾ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് കുറച്ചുകൂടി പ്രാധാന്യം കൊടുക്കുവാൻ കഴിയും.

ശ്രീ. ടി.എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്കനുസരിച്ച് സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ബുദ്ധിമുട്ടും വരാതെ കെ.ഇ.ആർ. പ്രകാരം അംഗീകരിക്കപ്പെട്ടിരിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് ഇത് കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : ഇപ്പോൾ അതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല എന്നു മാത്രമേ പറയുവാനുള്ളൂ ................ (ബഹളം) ....................

ശ്രീ. എം.വി. ജയരാജൻ : പ്രതിപക്ഷ നേതാവ് ഉണ്ടല്ലോ; കോൺഗ്രസ്സിന്റെ സമീപനം എന്താണ്?

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : ഭരണകക്ഷി ബഞ്ചുകളിൽനിന്നും എല്ലാപേരും ചോദിച്ചതുകൊണ്ട് ഞാൻ പറയാം. അൺ എയ്ഡഡ് സ്കൂളുകളിൽ കൊടുക്കണം എന്നാണ് കോൺഗ്രസ്സിന്റെയും യു.ഡി.എഫിന്റെയും സമീപനം.

ശ്രീ. പി.ജെ. ജോസഫ് : ഞാൻ അത് പറഞ്ഞു. ഇപ്പോൾ അത് പരിഗണിക്കുന്നില്ല. പ്ലസ് ടു രംഗത്ത് ചില കുറവുകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒന്ന്, പ്ലസ് ടു സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുവാൻ വേണ്ടി .............

ശ്രീ. ആര്യാടൻ മുഹമ്മദ് : എസ്.എസ്.എൽ.സി. റിസൾട്ട് 50 ശതമാനം ആയിരുന്നത് 53 ശതമാനമായി വർദ്ധിച്ചു. അതനുസരിച്ച് സീറ്റ് കൂടുന്നില്ല. വിജയശതമാനം വർദ്ധിക്കുന്നതിനനുസൃതമായി പ്ലസ് ടുവിന സീറ്റ് വർദ്ധിപ്പിക്കുവാൻ തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : ഈ പറയുന്ന ശതമാനത്തിന്റെ വർദ്ധനവിന് അനുസൃതമായിട്ടല്ല, അതിനെക്കാൾ കൂടുതൽ അനുവദിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്ലസ് ടു സ്കൂളുകളിൽ ഇപ്പോഴുള്ള കുറവിനെപ്പറ്റി പറഞ്ഞു, അവിടെ അദ്ധ്യാപകരെ നിയമിക്കുന്നില്ല................

ശ്രീ. നാലകത്തു സൂപ്പി : സർ, ഗവൺമെന്റു സ്കൂളുകളും എയിഡഡ് സ്കൂളുകളും തമ്മിലുള്ള വ്യത്യാസമെന്നു പറയുന്നത്, irrespective of the students ഇവരെ ഫുൾ ടൈം ആക്കണം. ഇപ്പോൾ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ഫുൾടൈം പ്രൊമോഷൻ കൊടുക്കുന്നില്ല. അതിൽ ഒരു ഭേദഗതി വരുത്താമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. പി.ജെ. ജോസഫ് : സർ, ഇപ്പോൾ ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽ, അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കി കരട് തയ്യാറാക്കി വച്ചിരിക്കുകയാണ്. ആ സ്പെഷ്യൽ റൂൾസ് പ്രസിദ്ധീകരിക്കാനുള്ള തടസ്സമെന്താണെന്നു വച്ചാൽ, കഴിഞ്ഞ വർഷം 26 പെറ്റീഷൻസ് സുപ്രീം കോടതിയിലുണ്ടായിരുന്നു. അതിൽ ഗവൺമെന്റിന്റെ നിലപാട് അംഗീകരിച്ചുകൊണ്ട് ഹൈക്കോടതി ഉത്തരവിറക്കി. അതിലുള്ള ഒരു വിഷയം ഇപ്പോഴുള്ള ഹൈസ്കൂൾ ടീച്ചേഴ്സിനുള്ള പ്രൊമോഷൻ എത്രയായിരിക്കണമെന്നതാണ്; അതിന്റെ അനുപാതം എത്രയായിരിക്കണമെന്നതാണ്. ഗവൺമെന്റ് തീരുമാനിച്ചത്, 25 ശതമാനം പ്രൊമോഷനും 75 ശതമാനം ഡയറക്ട് റിക്രൂട്ട്മെന്റുമെന്നാണ്. അതനുസരിച്ച് നീങ്ങിയപ്പോൾ സുപ്രീംകോടതിയിൽ വന്ന പെറ്റീഷൻസിന്റെ അടിസ്ഥാനത്തിൽ ഈ നിയമനത്തിന്റെ അനുപാതം 100 ശതമാനം പ്രൊമോഷനായിരിക്കണമെന്നാണ് ചില സ്കൂൾ ടീച്ചേഴ്സ് ആവശ്യപ്പെട്ടിരുന്നത്. ഈ ഒരനുപാതത്തിൽ ഒരു തീരുമാനമുണ്ടാകുന്നതുവരെ എല്ലാ നിയമനങ്ങളും സ്റ്റേ ചെയ്തിരിക്കുകയാണ്. ചിലതിൽ ഇതിനോടകം നിയമനം നടന്നുപോയി. നിയമനം നടന്നുപോയ അദ്ധ്യാപകരുടെ കാര്യത്തിൽ എന്തുചെയ്യണമെന്ന് ആരായുന്നതിന് വീണ്ടും സുപ്രീംകോടതിയെ സമീപിച്ചു. അവർക്ക് താൽക്കാലികമായി ശമ്പളം കൊടുക്കുകയാണ്. ഈ പശ്ചാത്തലത്തിൽ വേണം എന്തുകൊണ്ട് പുതിയ പ്ലസ് ടു ഇത്തവണ അനുവദിച്ചില്ല എന്നതിനെ കാണാൻ. പ്ലസ് ടു അനുവദിച്ചാൽ അദ്ധ്യാപകരെ റിക്രൂട്ട് ചെയ്യണ്ടേ? സുപ്രീംകോടതിയുടെ വിധിയനുസരിച്ച് റിക്രൂട്ട് ചെയ്യാൻ കഴിയുമോ? സ്റ്റേ വെക്കേറ്റു ചെയ്യാനുള്ള നടപടി ഗവൺമെന്റ് മൂവ് ചെയ്തു. പക്ഷെ ഇതുവരെ സ്റ്റേ വെക്കേറ്റ് ചെയ്തിട്ടില്ല. അതാണ് പുതിയ പ്ലസ് ടു അനുവദിക്കാത്തതിന്റെ പശ്ചാത്തലം. എന്നാലും 524 പ്ലസ് ടു സ്കൂളുകളുണ്ട്. അതിൽ 256 എണ്ണം ഗവൺമെന്റ് സ്കൂളുകളാണ്. എത്രയോ വലിയ പുരാഗതി ഗവൺമെന്റ് സ്കൂളുകളിൽ വന്നിരിക്കുന്നു. ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങളെക്കുറിച്ച് ഇവിടെ പലരും പറഞ്ഞു. ഈ സൗകര്യങ്ങൾ എത്രമാത്രം ഉണ്ടെന്നുള്ളത് ഇന്നു കുറേ സ്കൂളുകളിൽ പോയി പരിശോധിച്ചശേഷം ബഹുമാനപ്പെട്ട അംഗങ്ങൾ മറുപടി പറയണം. ജില്ലാ പഞ്ചായത്തുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ ഇവരുടെയെല്ലാം സഹകരണത്തോടുകൂടി പി.ടി.എ.യുടെ നേതൃത്വത്തിൽ ഒട്ടേറെ സൗകര്യങ്ങളുണ്ടാക്കിയിരിക്കുന്നു. ഈയടുത്ത കാലത്ത് ഞാൻ പല സ്കൂളുകളിലും പോകുകയുണ്ടായി. വളരെ പുരോഗതിയുണ്ടായിരുന്നു. ആളുകൾ താൽപ്പര്യമെടുത്തു മുന്നോട്ടു വന്നിരിക്കുകയാണ്. കഴിഞ്ഞ വർഷം ഇവിടെ നിന്നു വന്ന പല നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു സ്കൂളിന് മൂന്നു ലക്ഷം രൂപ വച്ച് കൊടുക്കുമെന്നു പറഞ്ഞിരുന്നു. രണ്ടാം വർഷത്തിലെത്തിയ



LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിലെല്ലാം ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾക്കായി കഴിഞ്ഞ വർഷം നാലു കോടി രൂപ വിതരണം ചെയ്തു. ഈ വർഷവും മറ്റു സൗകര്യങ്ങൾക്ക് ബഡ്ജറ്റു പാസ്സായാലുടനെ തന്നെ തുക വിതരണം ചെയ്യുന്നതാണ്. ഈയൊരു കൊല്ലം കൊണ്ട് ആ സ്കൂളുകളുടെയും പ്രൈവറ്റ് സ്കൂളുകളുടെയും നില മെച്ചപ്പെടുത്താൻ, സ്റ്റബിലൈസ് ചെയ്യാൻ ജനങ്ങളുടെ വിശ്വാസം കുറച്ചുകൂടി ആർജ്ജിക്കാൻ കഴിയുമെന്നു തന്നെയാണ് പ്രതീക്ഷം അവിടെയെല്ലാം പഠനം നന്നായി നടക്കുന്നു എന്നുള്ള അഭിപ്രായമാണ് രക്ഷകർത്താക്കൾക്കുള്ളത്. അത്തരത്തിലുള്ള മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. വരും വർഷവും ഡീലിങ്കിംഗ് തുടരും, ഈ ഗവൺമെന്റിന്റെ കാലത്തുത്തന്നെ ഡീലിങ്കിംഗ് പൂർത്തിയാക്കും. ഇവിടെ പല സിലബസിൽ അദ്ധ്യായനം നടത്തുന്നതിനെപ്പറ്റി പറയുകയുണ്ടായി. ഡീലിങ്കിംഗ് പൂർത്തിയാകുന്നതോടുകൂടി ഒറ്റ സിലബസ്സാകും. 12-ാം ക്ലാസ്സ് വരെ ഒറ്റ സിലബസ് എന്നുള്ളതു നിലവിൽ വരും. അങ്ങനെ വലിയൊരു മാറ്റമായിരിക്കും ഇവിടെ വരാൻ പോകുന്നത്. സ്കൂൾ വിദ്യാഭ്യാസ രംഗത്ത് പഠന സൗകര്യം വർദ്ധിപ്പിച്ച സാഹചര്യത്തിൽ മറ്റു രംഗങ്ങളിലും പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള വലിയൊരു പരിശ്രമം ഗവൺമെന്റ് നടത്തുകയുണ്ടായി. അതിലൊന്ന് പ്രൊഫഷണൽ കോളേജുകളെ സംബന്ധിച്ചാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എഞ്ചിനീയറിംഗ് സീറ്റുകൾ 4577 ആയിരുന്നു. അതിനു മുമ്പ് 4500-ൽ താഴെയായിരുന്നു. ആയിരത്തോളം സീറ്റുകളായിരുന്നു കഴിഞ്ഞ രണ്ടു വർഷമായി വർദ്ധനവു വന്നത്. ഈ വർഷത്തെ വർദ്ധനവ് 1300 സീറ്റുകളാണ്. ഇപ്പോൾ 5877 സീറ്റുകളായിട്ടുണ്ട്. ഇത്രയുമൊരു വർദ്ധനവ് ഈ സമീപകാലത്ത് ഉണ്ടായിട്ടുണ്ടോ? നിങ്ങൾ നിഷ്പക്ഷമായി ആലോചിക്കുക. ഈ വർഷം തന്നെ പാലക്കാട്, കോഴിക്കോട്, വയനാട്, തിരുവനന്തപുരം ഇത്രയും സ്ഥലങ്ങളിൽ വരുന്നത് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളാണ്. തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിലാണ് എഞ്ചിനീയറിംഗ് കോളേജ് ഉള്ളത്. ഈ കോളേജുകളുടെ സ്ഥാനത്ത് ..............

ശ്രീ. ടി.എം. ജേക്കബ് : കോഴിക്കോട്ടുണ്ട്.

ശ്രീ. പി.ജെ. ജോസ്ഫ് : കോഴിക്കോട് ആർ.ഇ.സി. കോളേജാണ്. ഗവൺമെന്റു കോളേജുകളുടെ കാര്യമാണ് പറയുന്നത്. ഐ.എച്ച്.ആർ.ഡി.യുടെ വേറെ കോളേജുകളുണ്ട്. ഗവൺമെന്റ് മേഖലയിലുള്ള നാലു കോളേജുകളുടെ സ്ഥാനത്ത് ഒറ്റയടിക്ക് നാലു കോളേജുകൾ കൂടി തുടങ്ങുകയാണ്. ചെറിയൊരു മാറ്റമാണോ? ഐ.എച്ച്.ആർ.ഡി. ഇത്തവണ കോളേജ് തുടങ്ങുന്നു. വടകരയിൽ സഹകരണമേഖല മുൻകൈ എടുത്ത് മറ്റൊരു കോളേജ് തുടങ്ങുന്നു.

ശ്രീ. ടി.എം. ജേക്കബ് : അതെവിടെയാണ്?

ശ്രീ. പി.ജെ, ജോസഫ് : ആലപ്പുഴ ജില്ലയിലാണ്. ഇത്രയും കോളേജുകൾ വഴി 1300 സീറ്റുകൾ ആണ് അധികമായി സൃഷ്ടിക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത്, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവൺമെന്റ് മുന്നോട്ടു നീങ്ങുമ്പോൾ ഒട്ടേറെ സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും ഒറ്റയടിക്ക് 1300 സീറ്റുകൾ ഇത്തവണ അധികമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞതിൽ ഈ ഗവൺമെന്റിന് അഭിമാനമുണ്ട്. അതുപോലെ തന്നെ 5877 സീറ്റിൽ 3101 സീറ്റുകളും ഇൻഫർമേഷൻ ടെക്നോളജിയിലാണ്. ഇത്തവണത്തെ 1300 സീറ്റുകളും ആ മേഖലയ്ക്കാണ് കൊടുത്തിരിക്കുന്നത്. കാലഘട്ടത്തിന്റെ ആവശ്യം നേരിടുന്നതിനു വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യുള്ള വലിയ സംരംഭമാണ് ഈ രംഗത്തു നടത്തിക്കൊണ്ടിരിക്കുന്നത്. പോളി ടെക്നിക്കിന്റെ കാര്യത്തിൽ പുതിയതായി തുടങ്ങിയിട്ടുള്ള പകുതിയോളം കോഴ്സുകൾ ഇൻഫർമേഷൻ ടെക്നോളജിയുടെ കാര്യത്തിലാണ്. ഇത്തര ത്തിലുള്ള നിർണ്ണായകമായ മാറ്റങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്തും വരുത്തി ക്കൊണ്ടിരിക്കുകയാണ്. ചില കുറവുകൾ ഇവിടെ ചൂണ്ടിക്കാണിച്ചു. അതി ലൊന്ന് സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിക്കുന്ന കാര്യത്തെ സംബ ന്ധിച്ചാണ്. ഒന്ന്, രണ്ട്, അഞ്ച്, ആറ് എന്നീ ക്ലാസ്സുകളിൽ പാഠപുസ്തക ങ്ങൾക്ക് മാറ്റം വരുത്തുകയുണ്ടായി. അങ്ങനെ വന്നപ്പോൾ ചില കുറവുകൾ വന്നു. എങ്കിലും ഒന്നാം ക്ലാസ്സിൽ അഞ്ചു ലക്ഷം പുസ്തകങ്ങൾ വേണ്ടിടത്ത് മൂന്നര ലക്ഷം പുസ്തകങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. രണ്ടാം ക്ലാസ്സിൽ അഞ്ചു ലക്ഷം പുസ്തകങ്ങൾ വേണ്ടിടത്ത് 4.25 ലക്ഷം പുസ്തകങ്ങൾ വിത രണം ചെയ്തു. ഈ മാസത്തിൽ ഇതു പൂർണ്ണമായി വിതരണം ചെയ്യാൻ കഴി യും. പുസ്തകങ്ങളുടെ അച്ചടിയുടെ കാര്യത്തിലും വിതരണത്തിന്റെ കാര്യ ത്തിലും കഴിഞ്ഞ വർഷത്തേക്കാൾ വളരെയധികം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് ഈ അവസരത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുകയാ ണ്. പ്ലസ് ടു സ്കൂളുകളിലെ ടീച്ചേഴ്സിന്റെ അഭാവത്തെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുമാണ് ഗവൺമെന്റ് സ്കൂളുകളിൽ നിയമിച്ചിട്ടുള്ളത്. സ്പെഷ്യൽ റൂൾസ് ഫൈന ലൈസ് ചെയ്യാത്തതുകൊണ്ടും പി.എസ്.സി.യിൽ ലിസ്റ്റ് വരാത്തതുകൊണ്ടു മാണ് അങ്ങനെ ടീച്ചേഴ്സിനെ എടുത്തിരുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേ ഞ്ചിൽ നിന്നും അദ്ധ്യാപകർ വരുന്നതുവരെ എന്തു ചെയ്യണം? കുട്ടികളെ പഠി പ്പിക്കണ്ടേ? അതുകൊണ്ട് അതാതു സ്ഥാപനത്തിലെ പ്രിൻസിപ്പൽമാരെ ചുമ തലപ്പെടുത്തി, അവർക്ക് ക്വാളിഫൈഡായിട്ടുള്ള ടീച്ചേഴ്സിനെ അപ്പോയിന്റ് ചെയ്യാം. മണിക്കൂർ അടിസ്ഥാനത്തിൽ ഗസ്റ്റ് ലക്ചററായിട്ട് ക്വാളിഫൈഡ് ആയവരെ നിയമിക്കാം. അതു ഫലപ്രദമായി നടന്നുകൊണ്ടിരിക്കുകയാണ്. ഈ ആവശ്യം ഇപ്പോൾ പ്രൈവറ്റ് സ്കൂളുകളിലുമുണ്ടായി. ഇപ്പോൾ പുതിയ തായി ടീച്ചേഴ്സിനെ നിയമിക്കാൻ കഴിയില്ല. ഗവൺമെന്റിനെ സംബന്ധിച്ച് കുട്ടികളെ പഠിപ്പിക്കണമെന്നു തന്നെയാണ് ലക്ഷ്യം. മൊത്തത്തിൽ സ്കൂളുക ളുടെ കാര്യത്തിൽ ഈ പ്രശ്നമുണ്ടായിട്ടുണ്ട്. സ്കൂളുകളിൽ പി.എസ്.സി. യിൽ നിന്നും പരമാവധി ഒഴിവുകൾ നികത്തിയിട്ടുണ്ട്. അതിലുണ്ടായിരുന്ന ഒരു തർക്കം തീർക്കുകയുണ്ടായി. എൽ.പി., യു.പി. സ്കൂളുകളിൽ ബി.എഡ്. ബിരുദധാരികളെ നിയമിക്കാൻ പാടില്ലെന്നുള്ള ഒരുത്തരവുണ്ടായി. അതിൽ ക്യാബിനറ്റ് ഒരു തീരുമാനമെടുത്തു. യു.പി. സ്കൂളുകളിൽ ബി.എഡ്. കാരെയും നിയമിക്കാമെന്ന് തീരുമാനമെടുത്തതിന്റെ ഫലമായി ഒരു ജില്ലയൊ ഴിച്ച് ബാക്കിയുള്ള എല്ലാ ജില്ലകളിലും ആ പ്രശ്നം പരിഹരിക്കപ്പെട്ടിരിക്കുക യാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്ന് നിയമനം നടത്തുക, പി. എസ്.സി.യിൽ ലിസ്റ്റു വരുമ്പോൾ അവരെ തിരിച്ചയയ്ക്കുക എന്നുള്ള സമീപ നമാണ് എടുത്തിരിക്കുന്നത്. എംപ്ലോയ്മെന്റ് എക്സേഞ്ചിൽനിന്നും പേരുകിട്ടി നിയമന ഓർഡർ കൊടുത്തുകഴിഞ്ഞാലും കുറെയധികം അധ്യാപകർ ജോയിന്റ് ചെയ്യാതെ പോകുന്നു. അതിന്റെ ഫലമായി രണ്ടാമതൊരു ലിസ്റ്റു വരുമ്പോൾ മിക്കവാറും സ്കൂൾ അടയ്ക്കാറാകും. മെറ്റേർണിറ്റി ലീവൊക്കെ 135 ദിവസമായി വർദ്ധിപ്പിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ കുട്ടികളെ പഠിപ്പി ക്കാൻ അധ്യാപകരെ ആവശ്യമാണ്. മണിക്കൂർ അടിസ്ഥാനത്തിലോ അല്ലെ ങ്കിൽ കോൺട്രാക്ട് അടിസ്ഥാനത്തിലോ അധ്യാപകരെ നിയമിക്കാം. എംപ്ലോ യ്മെന്റ് എക്സേചേഞ്ചിൽ നിന്നും ആളുകൾ വരികയാണെങ്കിൽ അവരെ

ത്തന്നെ നിയമിക്കും. അല്ലാത്ത സാഹചര്യത്തിലും ഒരു സംവിധാനമുണ്ടാക്കി സ്കൂളുകളിൽ എപ്പോഴും അധ്യാപകരുണ്ടാകുന്ന ഒരു സ്ഥിതിയുണ്ടാക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. പ്രൈവറ്റ് ടീച്ചേഴ്സിനെ യുൾപ്പെടെ ലോക്കലായിട്ടുവയ്ക്കാം, ക്വാളിഫൈഡ് ആയിരിക്കണമെന്നുമാത്ര മേയുള്ളൂ. അവിടെയുള്ള പി.ടി.എ.കൾക്ക് അത്തരത്തിലുള്ള അധികാരം കൊടുത്തുകൊണ്ട് ഈ പ്രശ്നം......ബഹളം......അതായത് പി.എസ്.സി. ഹാൻഡ്സ് നോൺ ജോയിനിംഗായി ആറുമാസം, ഒരു കൊല്ലമൊക്കെ ലീവ് ചോദിക്കാറുണ്ട്. അങ്ങനെ നോൺ ജോയിനിംഗ് ഉണ്ടായാലും ജോയിൻ ചെയ്യാതെ വന്നാലും ആ അവസരത്തിൽ ഇതുപോല നിയമനം നടത്താൻ സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിൽ റിട്ടയർ ചെയ്ത ആളു കളെ വയ്ക്കില്ല-ക്വാളിഫിക്കേഷൻ ഉള്ളവരെ മാത്രമേ വയ്ക്കാവൂ എന്ന് നിർബന്ധമുണ്ട്. കന്നഡയുൾപ്പെടെ ഇന്ന് പല സ്കൂളുകളിലും വേക്കൻസി കൾ ഫിൽ ചെയ്യാതെ കിടക്കുന്നു. പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയോ നിയമനം നടക്കാതെവരുന്ന സാഹചര്യത്തിലാണ് ഈ പ്രശ്നം പരിഹരിക്കാൻ ഇങ്ങനെയൊരു തീരുമാനമെടുത്തത്.......ബഹ ളം.....ഗസ്റ്റ് ലക്ചേറേഴ്സിന്റെ വേതനം സംബന്ധിച്ച കാര്യങ്ങൾ കാലികമായി ചെയ്യുന്നതാണ്, അത് ധനകാര്യ വകുപ്പുമായി ആലോചിച്ചു ചെയ്യേണ്ട കാര്യ മാണ്. കാലാനുസൃതമായി പല രംഗത്തും മാറ്റം വരുത്തുന്നതുപോലെ കഴി ഞ്ഞവർഷവും ഇതിൽ മാറ്റം വരുത്തുകയുണ്ടായി. ഇനി എനിക്ക് പ്രധാനമായി ഇവിടെ പറയാനുള്ളത്, ഹെഡ്മാസ്റ്റർമാരുടെയെല്ലാം നിയമന ഓർഡർ ഇന്നലെ ഇറങ്ങിക്കഴിഞ്ഞു. ഇക്കഴിഞ്ഞ ഒന്നാം തീയതിയാണ് ഡി.പി.സി. കൂടി യത്. ഏറ്റവും വേഗം അത് ഫൈനലൈസ് ചെയ്ത മുഴുവൻ വേക്കൻസികളും നികത്തിക്കൊണ്ട് ഇന്നലെ ഉത്തരവിറക്കിയിട്ടുണ്ട്. ഡി.പി.സി. കൂടാതെ പ്രൊമോഷൻ കൊടുക്കാൻ പാടില്ലെന്ന തീരുമാനം എടുത്തിരിക്കുകയാണ്. അങ്ങനെ ഉത്തരവിറക്കി നിയമനങ്ങൾ നടത്തിക്കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ സംബന്ധിച്ചാണ് ഇവിടെ വളരെ യേറെ വിമർശനങ്ങൾ ഉയർന്നുവന്നത്. രണ്ടരലക്ഷം കുട്ടികൾ പാസ്സാകു മ്പോൾ ഏകദേശം അത്രയും കുട്ടികൾ തന്നെ, 47 ശതമാനം കുട്ടികൾ തോൽക്കുന്നു എന്ന സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുക യാണ്. ഈ പ്രശ്നത്തിലേക്ക് കാതലായി നമ്മൾ കടന്നുചെല്ലണ്ടേ? ഇതുപരി ഹരിക്കാമെന്നുള്ള കാര്യത്തിൽ ഇതിന്റെ ഗുണനിലവാരം കുറവാണോ? മോഡറേഷന്റെയൊക്കെ റേറ്റ് കുറഞ്ഞുവരുന്നുവെങ്കിലും, മോഡറേഷന്റെ മാർക്ക് 35,30,20 ഒക്കെ ആകുന്നുവെങ്കിലും 55 ശതമാനം പാസ്സായാൽ മതിയോ? മോഡറേഷൻ റേറ്റ് ഉയർത്തി, മുഴുവൻ കുട്ടികളും എന്നു ഞാൻ പറ ഞ്ഞാൽ 90% കുട്ടികളെങ്കിലും യഥാർത്ഥത്തിൽ പാസ്സാകുന്ന ഒരു സ്ഥിതിവി ശേഷം ഇവിടെയുണ്ടാകണം. അതുണ്ടാക്കിയെടുക്കാനുള്ള സംഘടിതമായ ശ്രമം ആവശ്യമാണ്. അവിടെ രാഷ്ട്രീയ ചേരിതിരിവിനോ മറ്റ് അഭിപ്രായ വ്യത്യാസങ്ങൾക്കോ പ്രസക്തിയില്ല. നമ്മൾ ഒറ്റക്കെട്ടായി നീങ്ങേണ്ട ഒരു കാര്യമാണ്. ഒരു തുറന്ന സമീപനമാണ് ഗവൺമെന്റിന് ഈ കാര്യത്തിലുള്ള ത്. ഒരു പുതിയ പാഠ്യപദ്ധതി നടപ്പാക്കി, അതിനെപ്പറ്റിയുള്ള വിശദമായ പ്രതി പാദനങ്ങൾ നടന്നുവരുന്നു. അത് പലപ്രാവശ്യം ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് മുഖ്യമായും അധ്യാപകരുടെ സഹകരണം ആവശ്യമാണ്. ഈ പരിശീലന പരിപാടികളിൽ സംബന്ധിച്ചുകൊണ്ട് കേരളത്തിലെ ബഹുഭൂരിപക്ഷം അധ്യാപകരും സഹക രിച്ചുകൊണ്ടിരിക്കുകയാണ്. ഗുണപരമായ ഒരുമാറ്റം ഈ രംഗത്ത് കണ്ടുതുട

LIBRARY ARCHIVES Kerala Legislative Assembly

ങ്ങിയിരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ചില ആളുകളുടെ അഭിപ്രായം ആരായണമെന്ന് പറയുകയുണ്ടായി. ആളുകളെന്നുപറഞ്ഞാൽ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കാനാണ് തീരുമാനിച്ചത്. ആ വിദഗ്ദ്ധ സമിതി എന്ത് അഭിപ്രായം പറഞ്ഞു എന്നൊക്കെ ഇവിടെ ചോദിക്കുകയുണ്ടായി. ആ വിദഗ്ദ്ധ സമിതി പറഞ്ഞ ഒന്നുരണ്ട് കാര്യങ്ങൾ, അതിലെ മാറ്റങ്ങൾ വിശദമായിട്ടുള്ളതാണെങ്കിലും, ഒരു സമീപനത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് 'സമിതി പുതിയ പാഠ്യപദ്ധതി വിശദമായി പരിശോധിച്ചു, മുമ്പുണ്ടായിരുന്ന പാഠപുസ്തകങ്ങളും പുതിയ പുസ്തകങ്ങളുമായി താരതമ്യപഠനവും നടത്തി. പുതിയ പാഠ്യപദ്ധതിയുടെ അടിസ്ഥാന സമീപനത്തോട് ഈ സമിതിക്ക് യോജിപ്പാണുള്ളത്. ഈ സമീപനം കുട്ടികളുടെ പഠനനേട്ടം മെച്ചപ്പെടുത്തുകയും വിരസത ഒഴിവാക്കുകയും ചെയ്യുമെന്നുതന്നെയാണ് വിശ്വാസം'. ഇതാണ് ആമുഖമായി അവർ പറഞ്ഞിരിക്കുന്നത്. ഈ സമീപനത്തോട് യോജിക്കുന്നുവെങ്കിൽ ശിശുകേന്ദ്രീകൃതമായ സമീപനം, പ്രവർത്തനോൻമുഖമായ വിദ്യാഭ്യാസ രീതി, കുട്ടികൾ ഒട്ടേറെ കാര്യങ്ങൾ അനുഭവത്തിലൂടെ പഠിക്കേണ്ടതാണ്. അങ്ങനെയുള്ള ഒരു രീതി അംഗീകരിക്കുന്നു എങ്കിൽ ഇതിലുള്ള ചെറിയ ന്യൂനതകൾ നമുക്ക് പരിഹരിക്കാം, ഒരു സംശയവുമില്ല. ആ സമീപനത്തിനായിരിക്കണം നമ്മൾ ഊന്നൽ നൽകേണ്ടത്. ഡി.പി.ഇ.പി. എന്നുള്ള ഒരുപേര് ഇതിനു കൊടുത്തു, ഡി.പി.ഇ.പി. മാത്രമല്ല, ഡി.പി.ഇ.പി. 6 ജില്ലകളിലെ നാലുക്ലാസുവരേയുള്ളു. അവിടംകൊണ്ട് ഒതുങ്ങിനിൽക്കുന്ന ഒരുകാര്യമല്ല, അത് ഞാൻ കഴിഞ്ഞ നിയമസഭയിൽ പറഞ്ഞിരുന്നു. നമ്മുടെ സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന് ഒരു വിശദമായ പഠനം നടത്തി എസ്.സി.ഇ.ആർ.ടി. യിലെ വിദഗ്ദ്ധൻമാരായ ആളുകളുമായി ആലോചിച്ച് സ്കൂൾ പാഠ്യപദ്ധതിക്ക് ഒരു സമീപന രേഖയുണ്ടാക്കി. ഈ സഭയിൽ അത് കൊടുക്കണമെന്നുപറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ സെഷൻ പിരിഞ്ഞതിനുശേഷം എല്ലാ അംഗങ്ങൾക്കും ഈ സമീപനരേഖയുടെ കോപ്പി നൽകുന്നതാണ്. ഇത് ഒന്നാം ക്ലാസുമുതൽ 12-ാം ക്ലാസുവരെ വരുത്തേണ്ട മാറ്റങ്ങളാണ്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങിനിന്നുകൊണ്ടുതന്നെ, ആ ലക്ഷ്യങ്ങൾ വച്ചുകൊണ്ട് തന്നെയാണ് ഈ മാറ്റങ്ങൾ നമുക്ക് വരുത്തേണ്ടത്. അതിന് ഒട്ടേറെ.......ബഹളം.....സബ്ജക്ട് കമ്മിറ്റിയിൽ നമുക്ക് ചർച്ച ചെയ്യാം. സഭ കഴിഞ്ഞാലുടനെ നമുക്ക് ഈ കാര്യത്തെപ്പറ്റിയുള്ള ചർച്ചകൾ തുടരാം. ഞാൻ ഈ സമീപന രേഖയുടെ ഉള്ളടക്കത്തിലേയ്ക്കു കടക്കുന്നില്ല. കാരണം ഇന്നിവിടെ പറഞ്ഞ ഒട്ടേറെ കാര്യങ്ങൾ ഏതു ലക്ഷ്യത്തിലേയ്ക്കാണ് മുന്നോട്ടു നീങ്ങുന്നതെന്നുള്ളത് വളരെ വിശദമായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ട ലക്ഷ്യം, ദേശീയ പദ്ധതിയിൽ കൊടുത്തിട്ടുള്ള പരിഗണനകൾ താഴെ പറയുന്നവയാണ്. 'അവസര തുല്യത, സാംസ്കാരിക പൈതൃകം, ഭരണഘടനാപരമായ ബാധ്യതകൾ, ദേശീയ തനിമയും ഐക്യവും, സ്വഭാവരൂപീകരണം ഉൾക്കൊള്ളുന്ന മൂല്യബോധവും ലോകസമാധാനവും, മനുഷ്യാവകാശങ്ങൾ, പരിസ്ഥിതിയും പ്രകൃതി വിഭവങ്ങളും;' അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം വിശദമായി പരിശോധിക്കണം. ടീച്ചേഴ്സിന്റെ ക്വാളിഫിക്കേഷൻ ഒരു പ്രധാന പ്രശ്നമാണ്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് അധ്യാപകരുടെ ഗുണനിലവാരവും മെച്ചപ്പെടുത്തേണ്ടതുണ്ട്. ടീച്ചേഴ്സ് എഡ്യൂക്കേഷനിൽ വരുത്തേണ്ട മാറ്റങ്ങൾ ഇതിൽ നിർണ്ണായകമായ ഒരുകാര്യമാണ്. അത്തരത്തിലൊരുമാറ്റം ഈ രംഗത്ത് വരുത്താനുള്ള ചില നിർദ്ദേശങ്ങൾ ഇതിലുണ്ട്. ഇംഗ്ലീഷിന്റെയും

[6 PM]



LIBRARY ARCHIVES Kerala Legislative Assembly

കണക്കിന്റെയുമൊക്കെ സ്റ്റാൻഡേർഡ് യു.പി. ലവലിൽ കുറഞ്ഞുപോകുന്നു. അതുകൊണ്ട് യു.പി. തലത്തിൽ മിനിമം ഗ്രാഡ്വേറ്റ് അധ്യാപകരാകണം. അവർ ബി.എഡ്. ഉള്ളവരായിരിക്കണമെന്നുള്ള നിർദ്ദേശം എസ്.സി.ഇ.ആർ.ടി. മുന്നോട്ടു വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ ഈ കാര്യങ്ങൾ പരിശോധിച്ച് അവരുടെ അഭിപ്രായങ്ങൾ അറിയിക്കുക. പലതരത്തിലുള്ള ചർച്ചകൾ ഇതിന് ഗുണകരമായിരിക്കും. ഇക്കാര്യത്തിൽ ഒരു തുറന്ന സമീപനമാണ് ഗവൺമെന്റിനുള്ളത്. അതുപോലെ ഐ.ടി. വിദ്യാഭ്യാസത്തെക്കുറിച്ച് ബഹുമാനപ്പെട്ട കെ.സി. ജോസഫ് പ്രസംഗിച്ചപ്പോൾ ഈ രംഗത്തുള്ള കുറവിനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. വരുന്ന കാലഘട്ടത്തിൽ കുട്ടികൾക്ക് എങ്ങനെ കമ്പ്യൂട്ടറിൽ അറിവ് പകരാം, വിദ്യാഭ്യാസ രംഗത്ത് എങ്ങനെ ഫലപ്രദമായി ഈ സാങ്കേതിക വിദ്യ ഉപയോഗിക്കാം എന്നുള്ളതിനെ സംബന്ധിച്ച് നമുക്ക് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ട്. ഇതിന് അധ്യാപകരുടെ കുറവുണ്ടെന്ന് പറയുകയുണ്ടായി. ആ കുറവ് നികത്താൻ ഈ വർഷം മേയ് മാസത്തിൽ ഒരു പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മൈക്രോസോഫ്റ്റ് മുന്നോട്ടു വന്നു, അവരുടെ പിൻതുണയോടുകൂടി 14 ജില്ലകളിൽ 36 അധ്യാപകർക്കാവശ്യമായ പരിശീലനം നൽകുകയുണ്ടായി. ഇപ്പോൾ പോളിടെക്നിക്കുകളുടെ നില വളരെ ഉയർന്നിട്ടുണ്ട്. ഏകദേശം 50 കോടി രൂപ ചെലവുവരുന്ന ലോകബാങ്ക് പദ്ധതി വളരെ അടിയന്തിരമായി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ, പോളിടെക്നിക്കുകളിലെ കമ്പ്യൂട്ടർ സംവിധാനവും അവിടെയുള്ള അധ്യാപകരുടെ ഗുണനിലവാരവും വളരെയേറെ ഉയർന്നിരിക്കുന്ന ഒരു പശ്ചാത്തലത്തിൽ ഏകദേശം ആയിരത്തിൽപ്പരം അധ്യാപകർക്ക് ഈ മാസത്തിൽതന്നെ പരിശീലനം നൽകും. കേരളത്തിലെ മുഴുവൻ സ്കൂളുകളിലും കമ്പ്യൂട്ടർ നൽകുക എന്ന ഒരു പദ്ധതി കൊണ്ടുവന്നാൽ അത് പഠിപ്പിക്കാൻ അധ്യാപകർ വേണം, അധ്യാപകരെ പരിശീലിപ്പിക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ പോളിടെക്നിക്കുകളിൽ വളരെ വിജയകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നമ്മൾ മുന്നേറുന്നതിനോടൊപ്പം സ്കൂൾ തലത്തിലും കുട്ടികളെ ഈ രംഗത്ത് പരിശീലിപ്പിച്ച് അവരെ കൂടുതൽ പ്രാപ്തരാക്കാൻ, പുത്തൻ വെല്ലുവിളികളെ നേരിടാനുള്ള പരിശ്രമങ്ങളാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട ജി. സുധാകരൻ പറഞ്ഞ ഒരു കാര്യം എൻ.സി.ടി.ഇ.യുടെ നിയന്ത്രണം മൂലം പല ബി.എഡ്. കോളേജുകൾക്കും ടി.ടി.ഐ.കൾക്കും പ്രവർത്തിക്കാൻ കഴിയുന്നില്ല എന്ന് പറയുകയുണ്ടായി. അവരുമായി ചർച്ചകൾ നടത്തി 49 ടി.ടി.ഐ.കളെ സംബന്ധിച്ചുള്ള വിലക്ക് മാറിയിട്ടുണ്ട്. അധ്യാപക-വിദ്യാർത്ഥി അനുപാതം 1:10 എന്നത് നമുക്ക് ഇവിടെ അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് അറിയിച്ചതിനെ തുടർന്ന് ഈ വർഷവും പഴയരീതിയിൽ തന്നെ കുട്ടികളെ അഡ്മിറ്റ് ചെയ്യാം എന്നൊരു ധാരണയായിട്ടുണ്ട്. യൂണിവേഴ്സിറ്റി സെന്ററുകളുടെ സൗകര്യങ്ങളെപ്പറ്റിയുള്ള ചർച്ച തുടർന്നുകൊണ്ടിരിക്കുകയാണ്. ഈ മാസം എട്ടാം തീയതിയും ഒൻപതാം തീയതിയും ബാംഗ്ലൂരിൽവച്ചു നടക്കുന്ന മീറ്റിംഗിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ഈ സെന്ററുകൾ തുറന്ന് പ്രവർത്തിക്കാൻ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. തടസ്സങ്ങൾ ഏറിയപങ്കും മാറിയിട്ടുണ്ട്.

<u>ശ്രീ. ഇ.എം. അഗസ്തി</u> : അതിന് ഇവിടെനിന്നും പ്രതിനിധികൾ പോയിരുന്നില്ലല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ് : പോയിരുന്നു, ഞങ്ങൾ കുറച്ചു സമയം വേണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. സൗകര്യങ്ങൾ ഉണ്ടാക്കണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ടീച്ചേഴ്സ് എഡ്യൂക്കേഷൻ സെന്ററിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കണം, കുട്ടികളെ പരിശീലിപ്പിക്കേണ്ടതാണ് എന്നാൽ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:10 എന്നതിനോട് നമ്മൾ യോജിക്കുന്നില്ല. ഇവിടെ നിന്ന് പ്രതിനിധികൾ പോകുകയുണ്ടായി, അവിടെ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിലാണ് സമ്മതിച്ചത്. കഴിഞ്ഞ വർഷവും ഇത് പാടില്ല എന്ന് പറഞ്ഞതാണ്. ഞങ്ങൾ ചർച്ച ചെയ്തതിന്റെ ഭാഗമായിട്ടാണ് സാവകാശം തന്നത്. ഈ വർഷവും ഇത്തരത്തിലുള്ള പ്രശ്നമുണ്ടായപ്പോൾ ചർച്ച ചെയ്ത് ഏകദേശം പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. ഏഴ്, എട്ട് തീയതികളിൽ അവസാനരൂപമുണ്ടാകും. എൻട്രൻസ് പരീക്ഷയെ സംബന്ധിച്ച് വളരെ സുതാര്യമായിട്ടല്ല കാര്യങ്ങൾ നടക്കുന്നത് എന്ന് ബഹുമാനപ്പെട്ട നാലകത്തി സൂപ്പി പറയുകയുണ്ടായി. ശ്രീ. സൂപ്പി പറഞ്ഞ രീതിയിലുള്ള യാതൊരു ആശങ്കയും വേണ്ട, പൊതുപ്രവേശന പരീക്ഷയുടെ മൂല്യനിർണ്ണയവും പ്രവേശന നടപടികളും സുതാര്യമാക്കാൻ താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പ്രവേശന പരീക്ഷയുടെ നടത്തിപ്പിന്റെ ചുമതല ഐ.എ.എസ്. ഓഫീസർ വഹിക്കും; ഇതിന് ഐ.എ.എസ്. ഓഫീസറെ നിയമിച്ചു, ചാർജ് എടുക്കുകയും ചെയ്തു. പരീക്ഷാ കൺട്രോളറുടെ സാന്നിധ്യത്തിൽ കമ്പ്യൂട്ടർ മൂല്യനിർണ്ണയം നടത്തുന്നു. മൂല്യനിർണ്ണയ നടപടികൾ വീക്ഷിക്കുന്നതിന് ശ്രീ. എം.എസ്. വിജയാനന്ദ്, തദ്ദേശ സ്വയംഭരണ വകുപ്പുസെക്രട്ടറി; ഡോ. കെ.എം. എബ്രഹാം, ധനകാര്യ വകുപ്പ് സെക്രട്ടറി; ശ്രീ. വി.എസ്. സെന്തിൽ, റവന്യൂ വകുപ്പ് സെക്രട്ടറി; ശ്രീ. രാജീവ് സദാനന്ദൻ, ആരോഗ്യവകുപ്പു സെക്രട്ടറി; ശ്രീമതി അരുണാസുന്ദർരാജ്, ട്രാൻസ്പോർട്ട് വകുപ്പു സെക്രട്ടറി എന്നിവരെ നിരീക്ഷകരായും നിയോഗിച്ചിട്ടുണ്ട്. പ്രവേശന നടപടികൾ നിയന്ത്രിക്കുന്നതിന് താഴെപ്പറയുന്ന അംഗങ്ങളടങ്ങിയ ഒരു കമ്മിറ്റിയെയും സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതതല വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, കാർഷിക കോളേജ് വൈസ് ചാൻസലർ, പ്രവേശന പരീക്ഷാ കമ്മിഷണർ എന്നിവരാണ്. പ്രവേശന നടപടിക്രമങ്ങൾ നേരത്തേതന്നെ തുടങ്ങത്തക്കവണ്ണമുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തിരിക്കുന്നു. ഈ വർഷം വളരെ വേഗത്തിൽ ക്ലാസ്സുകൾ തുടങ്ങാൻ കഴിയും. ഈ രംഗത്ത് ഇനി യാതൊരു സംശയത്തിനും ഇടയില്ല എന്നുപറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മയിൽപീലി വിരിച്ച് ആടുന്നത് കാണാൻ നല്ല ഭംഗിയാണ്, അത് എവിടെനിന്ന് നോക്കണം, മുമ്പിൽനിന്ന് നോക്കണം, പുറകിൽ നിന്നേ കാണൂ എന്ന് തീരുമാനിച്ചാൽ ആസ്വദിക്കാൻ പറ്റുകയില്ല. ശ്രീ. മാമ്മൻ മത്തായി ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലെ കാര്യം വിശദീകരിക്കുകയുണ്ടായി. അതൊന്നും ഞാൻ വിശദീകരിക്കുന്നില്ല. ഇവിടെ ആ സ്ഥാപനം പുതുതായി ഉണ്ടായതല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അവിടെ 250-തിൽപ്പരം ആളുകളെ നിയമിച്ചിട്ടുണ്ട്. അതിൽ ഒട്ടേറെ വർക്കുകൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉണ്ടായവയാണ്. സ്ഥിരനിയമനമല്ല. കോൺട്രാക്ട് അടിസ്ഥാനത്തിലും, ഡെയിലി വേജസിലുമാണ് നിയമിക്കുന്നത്. ഇപ്പോൾ അതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ട്. ഫലപ്രദമായി ഏഴ് കോടി രൂപയുടെ വർക്കുകൾ അവിടെ നടക്കുന്നുണ്ട്. അത് ലാഭത്തിൽ നടക്കുകയാണ്. പല സ്ഥലത്തും ഇപ്പോൾ ആ സെന്ററുകൾ ഉണ്ട്. അവിടെയൊക്കെ ആളുകളെ കോൺട്രാക്ട് അടിസ്ഥാനത്തിലും ഡെയ്ലി

LIBRARY ARCHIVES Kerala Legislative Assembly

വേജസ്സിലും എടുത്തിട്ടുണ്ട്. അവിടെ ശുപാർശകൾ നടത്താത്തവർ ചുരുക്കമാണ്. അപ്പുറത്തിരിക്കുന്ന എത്ര ആളുകൾ ശുപാർശ നടത്തി എടുത്തിട്ടുണ്ട്. പേരുകൾ ഒന്നും എടുത്തു പറയുന്നില്ല. പേഴ്സണലായിട്ടുള്ള ഒരു കാര്യത്തിന് ഞാൻ മുതിരുന്നില്ല. പേരുകൾ എന്റെ കൈയിലുണ്ട്...........(ബഹളം)..........

ശ്രീ. ടി.എം. ജേക്കബ് : അങ്ങനെയുണ്ടെങ്കിൽ പേര് പറയണം....(ബഹളം)......

ശ്രീ. പി.ജെ. ജോസഫ് : ഇത്തരം സ്ഥാപനത്തിൽ താൽക്കാലികമായ നിയമനത്തിനുവേണ്ടി പൊതുപ്രവർത്തകർ പലരും റെക്കമെന്റ് ചെയ്യാറുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും നിയമനം നടന്നു. പ്രതിപക്ഷത്തുനിന്നും ഇത്രയും പേരെ എടുത്തുവെന്നും ബന്ധങ്ങളെക്കുറിച്ചുമൊക്കെ പറഞ്ഞു, അത് ഭാവനാപരമായി വന്നിട്ടുള്ളതാണ്............(ബഹളം).......ഞാൻ എന്റെ കൈയിലിരിക്കുന്ന ലിസ്റ്റ് പ്രതിപക്ഷ നേതാവിന് തരാം. അതല്ലേ അന്തസ്സായിട്ടുള്ള കാര്യം. ഞാൻ അതൊരു കുറ്റമായി എടുക്കുന്നില്ല. താൽക്കാലിക നിയമനങ്ങൾ നടക്കും, പക്ഷെ ക്വാളിഫിക്കേഷൻ ഉള്ളവരെ പരസ്യം നടത്തി ആപ്ലിക്കേഷൻ ക്ഷണിച്ചുമാത്രമേ നിയമനം നടത്തിയിട്ടുള്ളൂ. അതിന് യാതൊരു സംശയവും വേണ്ട. അപേക്ഷ ക്ഷണിച്ച് എടുത്തിട്ടുള്ളവരെമാത്രമേ സ്ഥിരമാക്കിയിട്ടുള്ളൂ. ഇത്തരമുള്ള താൽക്കാലിക നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാറില്ല.

ഡോ. എം.എ. കുട്ടപ്പൻ : ആ സ്ഥാപനത്തിലെ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ; അവിടെ ഒറ്റ പട്ടികജാതിക്കാരനെങ്കിലുമുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : ഇവിടെ ഒരു പുകമറ സൃഷ്ടിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ആ സ്ഥാപനത്തിൽ ഒറ്റ പട്ടികജാതിക്കാരനുണ്ടോയെന്ന് ചോദിച്ചാൽ, ബഹുമാനപ്പെട്ട കാളാശ്ശേരി ദാമോദരന്റെ മകനെയും അടുത്തകാലത്ത് അവിടെ നിയമിച്ചിട്ടുണ്ട്. താൽക്കാലിക നിയമനങ്ങൾ ഇതിനുമുമ്പും നടന്നിട്ടുണ്ട്. അത്തരം കോൺട്രാക്ട് വർക്കുകൾക്ക് ഈ രീതിയിൽ മാത്രമേ ചെയ്യാൻ പറ്റുകയുള്ളൂ.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, നമ്മുടെ സംസ്ഥാനത്ത് ലക്ഷോപലക്ഷം ചെറുപ്പക്കാർ തൊഴിൽ ഇല്ലാതെ നിൽക്കുന്ന അവസരത്തിൽ പൊതുമേഖലാസ്ഥാപനങ്ങളിൽ വരുന്ന ഒഴിവുകൾ, താൽക്കാലികമാകട്ടെ, അല്ലെങ്കിൽ കാലക്രമേണ സ്ഥിരമാകാവുന്ന ഒഴിവുകൾ ആകട്ടെ, രാഷ്ട്രീയ നേതാക്കളുടെ ബന്ധുക്കൾ പങ്കിട്ടെടുക്കുന്ന സമ്പ്രദായത്തിന് അറുതി വരുത്തിയേ പറ്റൂ. അത് ഭരണപക്ഷമായാലും കൊള്ളാം പ്രതിപക്ഷമായാലും കൊള്ളാം. നമ്മൾ തമ്മിൽ പങ്കിട്ടെടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം. അതുകൊണ്ട് എനിക്കൊരു നിർദ്ദേശം വയ്ക്കാനുള്ളത്. ഇവിടെ ശ്രീ. പി. രാജു ചെയർമാനായിട്ടുള്ള എസ്റ്റിമേറ്റ്സ് കമ്മിറ്റി 1999 ഏപ്രിൽ മാസം 12-ാം തീയതി ഈ സഭയിൽ സമർപ്പിച്ച റിപ്പോർട്ടാണിത്. ഈ റിപ്പോർട്ടിൽ ഈ സ്ഥാപനത്തിലെ നിയമനങ്ങളെക്കുറിച്ച് നിർദ്ദേശിച്ചിരിക്കുന്നതുപോലെ സ്ഥിരം നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാനും, താല്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്താനും തയ്യാറാകുമോ? രണ്ടാമത്തെ കാര്യം, ഈ സ്ഥാപനത്തിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ ആരുടെ ബന്ധുക്കളും ആയിക്കൊള്ളട്ടെ, അവരെ പിരിച്ചുവിടാനും കേട്ടിടത്തോളം പറയുകയാണെങ്കിൽ ഇത് നമ്മുടെ സംസ്ഥാനത്തിന്റെ രാഷ്ട്രീയ നേതൃത്വത്തിന് അപമാനമാണ്. ജോലി മുഴുവൻ രാഷ്ട്രീയ നേതാക്കൻമാരുടെ ബന്ധുക്കൾ പങ്കിട്ടെടുക്കുകയെന്നു പറഞ്ഞാൽ ഇത്ര അപമാനകരമായ മറ്റൊരു കാര്യം ഇല്ല. ഇത് സ്വജനപക്ഷപാതവും അഴിമതിയുമാണ്. ഈ സർക്കാർ അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരാണ്. അതുകൊണ്ട് ഇവിടെ നടന്ന നിയമനങ്ങളെക്കുറിച്ച് ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : ആഡിയോ വിഷ്വൽ, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., സയൻസ് ആന്റ് ടെക്നോളജി തുടങ്ങി സ്ഥാപനങ്ങളൊക്കെ അങ്ങ് മുഖ്യമന്ത്രിയായിരുന്നപ്പോൾ ഇവിടെ പ്രവർത്തിച്ചിരുന്നതാണ്. അന്ന് നടത്തിയ നിയമനങ്ങൾ...........

........... ബഹളം .......... ബഹളം .............

ശ്രീ. എ.കെ. ആന്റണി : ഞാൻ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ നടത്തിയ നിയമനങ്ങൾ ഉൾപ്പെടെ എല്ലാ നിയമനങ്ങളെക്കുറിച്ചും ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : ഇത്തരം സ്ഥാപനങ്ങൾ മുമ്പ് നടന്നുകൊണ്ടിരുന്ന അതേ രീതിയിലാണ് മുന്നോട്ടുപോകുന്നത്. ആ സ്ഥാപനത്തിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡെയ്‌ലി വേജസ്സിൽ ആളെ എടുക്കുന്ന സമയത്ത് .... നിലവിലുള്ള പല സ്ഥാപനങ്ങളിലും ഡെയ്‌ലി വേജസ്സിൽ ഇതുപോലൊരു രീതി അവലംബിക്കുന്നുണ്ട്. അതുകൊണ്ട് ഇന്നലെവരെ ചെയ്ത ഒരുകാര്യം ആ രീതിയിൽ തുടർന്നുകൊണ്ടിരിക്കുന്നു. അതിനർത്ഥം ഇവിടെ രാഷ്ട്രീയ പാർട്ടി നേതാക്കന്മാരുടെ ബന്ധുക്കളെ നിയമിക്കണമെന്നല്ല. അവിടെ റെക്കമെന്റേഷന്റെ അടിസ്ഥാനത്തിൽ ഡെയ്‌ലി വേജസ്സിൽ ആളെ എടുത്തിട്ടുണ്ട്. സ്ഥിരമായിട്ടുള്ള ഒരു നിയമനവും അവിടെ ഇത്തരത്തിൽ നടത്തുന്നില്ല. അങ്ങനെ വല്ലതും ഉണ്ടെങ്കിൽ പരിശോധിക്കാം. ക്യാൻസൽ ചെയ്യുകയെന്നുള്ളത് ഡെയ്‌ലി വേജസ്സിന്റെ കാര്യം എടുക്കുകയാണെങ്കിൽ, അത് കോൺട്രാക്ട് അപ്പോയിന്റ്മെന്റാണ്. സ്ഥിരമാക്കുന്ന പ്രശ്നമേയില്ല. ഈ കാര്യത്തിൽ ഗവൺമെന്റ് ഒരു തുറന്ന സമീപനത്തോടുകൂടി മുന്നോട്ടുപോകുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പറഞ്ഞ ഏതാനും പേരുകൾ മാത്രമാണ് അവിടെ വന്നിട്ടുള്ളത് എന്നുള്ള ധാരണ തെറ്റാണ്. കോൺട്രാക്ട് അപ്പോയിന്റ്മെന്റിന്റെ കാര്യത്തിൽ പല സ്ഥാപനങ്ങളിലും നിലനിന്ന, പല സ്ഥാപനങ്ങളിലുമുള്ള ഒരു സംവിധാനം ഇവിടെ തുടർന്നുവെന്നു മാത്രമേയുള്ളൂ.

ശ്രീ. എ.കെ. ആന്റണി : സർ, കഴിഞ്ഞകാലത്തും ഇതുപോലെ നടന്നിട്ടുണ്ട് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞത്. കഴിഞ്ഞ ഗവൺമെന്റിന്റെ തെറ്റുകൾ തിരുത്തുകയാണല്ലോ ഈ ഗവൺമെന്റിന്റെ ഏതാനും പരിപാടികൾ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത്തരം നിയമനങ്ങൾ നടന്നിട്ടുണ്ട് എന്നതിന്റെ മറവിൽ സ്വന്തക്കാരെ തിരുകിക്കയറ്റാൻ ആരു ശ്രമിച്ചാലും അതിനോട് എനിക്ക് യോജിപ്പില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ നിയമനങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ നിയമനങ്ങളെക്കുറിച്ചും ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കാൻ ഞാൻ പറഞ്ഞത് അതുകൊണ്ടാണ്. കഴിഞ്ഞകാലത്ത് ആരുടെയെങ്കിലും കുഴപ്പമുണ്ടെങ്കിൽ അവർ അനുഭവിക്കുമല്ലോ. സ്വജനപക്ഷപാതത്തിന്റെ അടിവേരുകൾ കണ്ടെത്തി, മേലിൽ ആവർത്തിക്കാതിരിക്കാൻ, കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കണം. അങ്ങ് പറഞ്ഞതുപോലെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും ഈ സ്ഥാപനത്തിൽ നടക്കുന്നതുപോലെ, സ്വന്തക്കാരെ കുത്തിത്തിരുകുന്ന നടപടി അവസാനിപ്പിക്കാൻ, അത്തരത്തിൽ നിയമനം നടത്തുന്നവർക്കെതിരെ ഒരു താക്കീതുകൂടി നടത്താൻവേണ്ടി ഒരു ജുഡീഷ്യൽ എൻക്വയറി നടത്തണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുള്ള പ്രതിപക്ഷത്തിന്റെ ആവശ്യം അംഗീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങളെല്ലാം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

(പക്ഷപാതം അവസാനിപ്പിക്കുക, ദുർഭരണം വേണ്ട വേണ്ട തുടങ്ങിയുള്ള മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് പ്രതിപക്ഷ അംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും സഭവിട്ട് പുറത്തുപോകുകയും ചെയ്തു.

ശ്രീ. പി.ജെ. ജോസഫ് : വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ നൂതനമായ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുമ്പോൾ, അതിന് മങ്ങൽ ഏൽപ്പിക്കാനുള്ള മനപ്പൂർവ്വമായ ശ്രമമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ഈ നൂറ്റാണ്ട് അവസാനിക്കാൻ കേവലം 175 ദിവസം മാത്രം അവശേഷിക്കുമ്പോഴാണ് അടുത്ത വർഷംവരെ നീളുന്ന ബഡ്ജറ്റിനെക്കുറിച്ച് ഇപ്പോൾ ചർച്ച ചെയ്യുന്നത്. അടുത്ത വർഷം മറ്റൊരു നൂറ്റാണ്ടിലേക്കും സഹസ്രാബ്ദത്തിലേക്കുമാണ് നമ്മെക്കൊണ്ട് എത്തിക്കുന്നത്. ആ നൂറ്റാണ്ട് നമ്മുടെ കുഞ്ഞുങ്ങൾക്ക് ഉള്ളതാണ്. ഇന്നത്തെ കുട്ടികളാണ് വരും നൂറ്റാണ്ടിന്റെ അവകാശികൾ. ആ നൂറ്റാണ്ടിന്റെ സാദ്ധ്യതകൾ ഉൾക്കൊള്ളാൻ അവർക്ക് കഴിയുമോ? ആ നൂറ്റാണ്ടിന്റെ വെല്ലുവിളികൾ നേരിടാൻ അവർക്ക് കെൽപ്പ് ഉണ്ടാകുമോ? അവസരങ്ങൾ പ്രയോജനപ്പെടുത്താൻ അവർക്ക് സാധിക്കുമോ? ഇതിന് അവരെ പ്രാപ്തരാക്കാൻ നമ്മുടെ വിദ്യാഭ്യാസത്തിന് കഴിയുമോ? അതാണ് കാതലായ ചോദ്യം. വൈവിദ്ധ്യപൂർണ്ണമായ വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെയെല്ലാം പിന്നിലുള്ള ഒരു ചോദ്യം ഇതു മാത്രമാണ്. നാളെയെക്കുറിച്ചുളള സങ്കല്പമാണ് ഇന്നത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ലക്ഷ്യബോധവും പ്രചോദനവും പകരുന്നത്. കാലഹരണപ്പെട്ട ആയുധങ്ങളുമായി ജീവനത്തിനിറങ്ങുന്ന യോദ്ധാക്കളാകരുത് നമ്മുടെ കുട്ടികൾ. ഒരു തലമുറയോട് ചെയ്യുന്ന അപരാധമായിരിക്കും അത്. വിജ്ഞാനമേഖലയിലെ അഭൂതപൂർവമായ വളർച്ച, അതുപോലെ സാങ്കേതിക രംഗത്തെ അത്ഭുതകരമായ സാദ്ധ്യത, ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് നമ്മുടെ കുട്ടികളെ പരിശീലിപ്പിക്കേണ്ടത്. ഈ ദർശനം നിലവിലുള്ള കുറവുകളെയും പ്രശ്നങ്ങളെയും പുതിയ ഒരു തീവ്രതയോടെയും ആകാംക്ഷയോടെയും നോക്കിക്കാണാൻ ഗവൺമെന്റിനെ പ്രേരിപ്പിക്കുന്നു. പഠന പ്രക്രിയയിൽ നല്ലൊരു വിഭാഗം കുട്ടികൾ പങ്കാളികളാകുന്നില്ല എന്നത് അവഗണിക്കാനാവാത്ത ഒരു പ്രശ്നമാകുകയാണ്. പത്താം ക്ലാസ്സ് ജയിക്കുന്ന കുട്ടികളുടെ ശതമാനം ഇന്ന് അനുക്രമം വർദ്ധിക്കുന്ന ഈ സാഹചര്യത്തിൽ, ഞാൻ മുമ്പ് ഇവിടെ പറഞ്ഞതുപോലെ ഈ ശതമാനം 90%-ൽ എങ്കിലും എത്തിക്കാനുള്ള പരിശ്രമമാണ് ഇവിടെ നടക്കേണ്ടത്. ഇതൊരു അക്കാദമിക് പ്രശ്നം മാത്രമല്ല, സാമൂഹിക നീതിയുടെ പ്രശ്നം കൂടിയാണ്. നിലവിലുള്ള വിദ്യാഭ്യാസം മനുഷ്യാവകാശത്തിന്റെ പ്രശ്നമാണ്. പ്രീപ്രൈമറി മുതൽ പ്രീഡിഗ്രി വേർപെടുത്തൽവരെയുള്ള പ്രവർത്തനങ്ങളെ മുഴുവൻ കൂട്ടിയിണക്കുന്നത് ഈ അവബോധമാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്നത് അങ്ങനെയൊരു ഉത്തരവാദിത്വവും നിയോഗവുമാണ്. നിലവാരമുള്ളതും പ്രസക്തവുമായ വിദ്യാഭ്യാസം അതാണ് നമ്മുടെ ലക്ഷ്യം. പാഠ്യപദ്ധതി നവീകരണം, അദ്ധ്യാപക പരിശീലനം, സ്ഥാപനങ്ങളുടെ സജ്ജീകരണം, സാങ്കേതികമായ പിൻബലം എന്നിവ നമ്മുടെ വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ നെടുംതൂണുകളായി നമുക്ക് വിശേഷിപ്പിക്കാം. കാലഘട്ടത്തിന്റെ ആവശ്യങ്ങളും സമൂഹത്തിന്റെ അറിവുകളും സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ കുട്ടികളെ സഹായിക്കുന്ന ഒന്നായി പാഠ്യപ

LIBRARY ARCHIVES Kerala Legislative Assembly

ദ്ധതി മാറ്റുന്നത് ഈ പശ്ചാത്തലത്തിലാണ്. ഈ പാഠ്യപദ്ധതിയും ബോധന രീതിയും പുതിയ വിദ്യഭ്യാസ പ്രക്രിയയുടെ കേന്ദ്രബിന്ദുവും മുഖ്യപങ്കാളിയും ആകുന്നു. അദ്ധ്യാപകനെ പങ്കാളിയാക്കാത്ത വിദ്യാഭ്യാസ പരിഷ്കരണം അപൂർണ്ണമായിരിക്കും. അദ്ധ്യാപക പരിശീലനത്തെ സംബന്ധിച്ച് 1996-നു ശേഷം നമ്മുടെ സംസ്ഥാനത്തിന് കൈവന്ന പ്രാധാന്യം ഇന്ന് രാജ്യത്തിന്റെ മുഴുവൻ ശ്രദ്ധ പിടിച്ചുപറ്റിയിരിക്കുകയാണ്. ആധുനിക സാങ്കേതിക വിദ്യയുടെ വിജയപതാക പറന്ന ഒരു നൂറ്റാണ്ടാണിത്. ശാസ്ത്ര ബോധവും അറിവിന്റെ അഗാധതയും പരത്തുന്ന, ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്വാധീനിക്കുന്ന നാളെയാണ് നമ്മുടെ മുന്നിലുള്ളത്. ആ നാളെയിൽ പകച്ചു നിൽക്കാതെ പൗരന്മാരെ കരുപ്പിടിപ്പിക്കാനുള്ള ഒരു വിദ്യാഭ്യാസ പദ്ധതിയാണ് നാം ഇന്ന് ഏറ്റെടുത്തിരിക്കുന്നത്. ഈ വിദ്യാഭ്യാസ പദ്ധതി വിജയിപ്പിക്കാൻ എല്ലാ ഭാഗത്തുനിന്നും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

### ധനാഭ്യർത്ഥന നമ്പർ XVII
### വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

സർവ്വശ്രീ ഡൊമിനിക് പ്രസന്റേഷൻ, വി.ജെ. പൗലോസ്, ഇ.എം. അഗസ്തി, വി.ബാലറാം, ജോർജ് ജെ. മാത്യു, എ.കെ. മണി, എം. മുരളി, കെ. അച്ചുതൻ, കെ. ബാബു, പാലോട് രവി, പി.ജെ. ജോയി, ആര്യാടൻ മുഹമ്മദ്, സി.ടി.അഹമ്മദ് അലി, ചെർക്കളം അബ്ദുള്ള, നാലകത്ത് സൂപ്പി സി. മൊയീൻ കുട്ടി, എം.കെ. മുനീർ, പി.കെ. അബ്ദു റബ്ബ്, ഇസ്ഹാക്ക് കുരിക്കൾ, കെ. കുട്ടി അഹമ്മദ് കുട്ടി, എ.വി. അബ്ദുറഹിമാൻ ഹാജി, ടി.എം. ജേക്കബ്, ജോണി നെല്ലൂർ, പി.പി. തങ്കച്ചൻ, എഴുകോൺ നാരായണൻ, തേറമ്പിൽ രാമകൃഷ്ണൻ, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, കെ.സി. ജോസഫ്, കെ. മുഹമ്മദാലി, അടൂർ പ്രകാശ്, ജി. കാർത്തികേയൻ, ബി. വിജയകുമാർ, കെ.കെ. നായർ, കെ. നാരായണക്കുറുപ്പ്, മാമ്മൻ മത്തായി, കെ.എം. മാണി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ : വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം ധനാഭ്യാർത്ഥനയുടെ പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന് പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ ............ പ്രതികൂലിക്കുന്നവർ .............

ധനാഭ്യർത്ഥന സഭ പാസ്സാക്കി ഗ്രാന്റ് അനുവദിച്ചു.

### ധനാഭ്യർത്ഥന നമ്പർ
### XXI - ഭവന നിർമ്മാണം

സർവ്വശ്രീ ജോർജ് ജെ. മാത്യു, പാലോട് രവി, പി.ജെ. ജോയി, കെ.സി. ജോസഫ്, കെ.സി. വേണുഗോപാൽ, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, തേറമ്പിൽ രാമകൃഷ്ണൻ, എഴുകോൺ നാരായണൻ, പി.പി. തങ്കച്ചൻ, ആര്യാടൻ മുഹമ്മദ്, കെ.കെ. നായർ, കെ. ബാബു, കെ. മുഹമ്മദാലി, ജി. കാർത്തികേയൻ, എം. മുരളി, എ.കെ. മണി, കെ.എ. ചന്ദ്രൻ, അടൂർ പ്രകാശ്, കെ. അച്ചുതൻ, ബി. വിജയകുമാർ, വി. ബാലറാം, ഇ.എം. അഗസ്തി, കെ.എം. മാണി, മാമ്മൻ മത്തായി, ടി.എം. ജേക്കബ്, സി.ടി. അഹമ്മദ് അലി, ചെർക്കളം അബ്ദുള്ള, നാലകത്ത് സൂപ്പി, സി. മൊയീൻ കുട്ടി, പി.കെ.കെ. ബാവ, പി.കെ. അബ്ദു

LIBRARY ARCHIVES Kerala Legislative Assembly

റബ്ബ്, എം.കെ. മുനീർ, എ.വി. അബ്ദു റഹിമാൻ ഹാജി, ഇസ്ഹാക്ക് കുരിക്കൾ, ജോണി നെല്ലൂർ, പി.ജെ. ഫ്രാൻസിസ്, വി.ജെ. പൗലോസ്, കെ. സുധാകരൻ, ഡൊമിനിക് പ്രസന്റേഷൻ, ശ്രീമതി. കെ.ആർ. ഗൗരിയമ്മ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ : ഭവന നിർമ്മാണം എന്ന XXI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച് ........

അനുകൂലിക്കുന്നവർ ........... പ്രതികൂലിക്കുന്നവർ ............

ധനാഭ്യർത്ഥന സഭ പാസ്സാക്കി. ഗ്രാന്റ് അനുവദിച്ചു.

ഓർഡർ ...........ഓർഡർ .............. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലൈ 8-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.22-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly